ബാല കുസുമം
മാസിക

പുസ്തകം 13
ലക്കം 04
2026 മെയ്

# ദാഹജലവുമായ്....

രണ്ടുവർഷമായി ഇറാഖിലെ കുർദിസ്ഥാനിലുള്ള റിസ്ഗാരി സമതലങ്ങളിലെ പക്ഷികളുടെയും മൃഗങ്ങളുടെയും ആശ്വാസവാഹകനാണ് ഇഹ്സാൻ മുഹ്സിൻ എന്ന എഴുപതുകാരൻ. കഠിനമായ ചൂടും വരൾച്ചയും കാരണം ചുറ്റുവട്ടത്തുള്ള നദികളും കിണറുകളും മറ്റു ജലസ്രോതസ്സുകളുമെല്ലാം വറ്റിപ്പോകുമ്പോൾ പക്ഷികളും മൃഗങ്ങളും മറ്റു ജീവജാലങ്ങളുമെല്ലാം ദാഹജലം ലഭിക്കാതെ പ്രയാസപ്പെടുന്നത് ഒരിക്കൽ ഇഹ്സാൻ കാണാനിടയായി. അന്നു മുതൽ തുടങ്ങിയതാണ് ഈ എഴുപതുകാരന്റെ സേവനം.

വീട്ടിൽ നിന്ന് ഒരു ഡസനിലേറെ ബോട്ടിലുകളിൽ വെള്ളം ശേഖരിച്ച് ഒരു ദിനവും മുടങ്ങാതെ കിലോമീറ്ററുകൾ സഞ്ചരിച്ചാണ് പ്രദേശത്തുള്ള 17 സ്ഥലങ്ങളിൽ ഇഹ്സാൻ വെള്ളമെത്തിക്കാറുള്ളത്. 'അവർക്ക് വെള്ളം കൊടുക്കുമ്പോൾ ഭൂമി മുഴുവൻ എന്റെ സ്വന്തമായ പോലെ എനിക്കനുഭവപ്പെടും' എന്നാണ് ഇഹ്സാൻ പറയുന്നത്. പ്രകൃതിയോടും സഹജീവികളോടുമുള്ള അങ്ങേയറ്റത്തെ സ്നേഹവും സഹാനുഭൂതിയുമാണ് ഇദ്ദേഹത്തിന്റെ ഈ കുഞ്ഞുപ്രവൃത്തിയിലൂടെ പ്രതിഫലിക്കുന്നത്.



വീഡിയോ കാണാൻ
സ്കാൻ ചെയ്യുക.

# കർമങ്ങൾ കണ്ടാൽ അറിയാം

ഗ്രാമത്തിലെ ഒരു വ്യാപാരി രണ്ട് പശുക്കളെ വാങ്ങി വീട്ടിലെത്തി. ഒരു പശു അമ്മയും മറ്റേത് അതിന്റെ കുട്ടിയുമാണ്. എന്നാൽ, രണ്ടു പശുക്കളുടെയും നിറവും വലുപ്പവുമെല്ലാം ഒരുപോലെ ആയതുകൊണ്ട് ഏതാണ് അമ്മപ്പശു, ഏതാണ് കുട്ടി എന്ന് വ്യാപാരിക്ക് തിരിച്ചറിയാൻ കഴിഞ്ഞില്ല. പലരോടും അന്വേഷിച്ചെങ്കിലും നിരാശയായിരുന്നു ഫലം. ഒടുവിൽ വ്യാപാരി ഗ്രാമമുഖ്യന്റെ അടുത്തെത്തി കാര്യം പറഞ്ഞു. ബുദ്ധിമാനായ ഗ്രാമമുഖ്യൻ വ്യാപാരിയുടെ വീട്ടിലെത്തി രണ്ടു പശുക്കളെയും നിരീക്ഷിച്ചു. ശേഷം, രണ്ടു പശുക്കളുടെയും മുന്നിൽ തീറ്റയും വെള്ളവും വെക്കാൻ കൽപ്പിച്ചു. പശുക്കളുടെ തീറ്റ കഴിഞ്ഞപ്പോൾ ഗ്രാമമുഖ്യൻ അമ്മപ്പശുവിനെയും കുട്ടിപ്പശുവിനെയും വ്യാപാരിക്ക് പറഞ്ഞുകൊടുത്തു.

വ്യാപാരി അത്ഭുതത്തോടെ ചോദിച്ചു: 'അങ്ങ് എങ്ങനെയാണ് ഇത്രവേഗം അമ്മ




**BALA KUSUMAM**
**CHILDRENS MONTHLY**

Samastha Centre
Jafarkhan Colony, Calicut - 6
Ph: 0495277846
kusumammasika@gmail.com

- **പബ്ലിഷർ**
  പി. കുഞ്ഞഹമ്മദ്
- **ചീഫ് എഡിറ്റർ**
  മുഹമ്മദ് പാറന്നൂർ
- **എക്സിക്യൂട്ടീവ് എഡിറ്റർ**
  സി.പി ശഫീഖ് ബുഖാരി
- **എഡിറ്റർ**
  ഇ.എം സുഫ്യാൻ ബുഖാരി
- **ജനറൽ മാനേജർ**
  കെ. ഉമർ മദനി
- **സർക്കുലേഷൻ**
  ശരീഫ് സഖാഫി എടയൂർ
- **ഇല്ലസ്ട്രേഷൻസ്**
  ശ്യാംദാസ്, ഷാജി എസ്.എം
- **ഡിസൈൻ ലേ–ഔട്ട്**
  അൻവർ സ്വാദിഖ് ബുഖാരി




പ്പശുവിനെയും അതിന്റെ കുട്ടിയെയും തിരിച്ചറിഞ്ഞത്?'

പുഞ്ചിരിയോടെ അദ്ദേഹം പ്രതികരിച്ചു: 'രണ്ടു പശുക്കളുടെയും മുമ്പിൽ തീറ്റ വെച്ചപ്പോൾ ഒരു പശു തന്റെ ഭക്ഷണം വേഗം കഴിച്ച് രണ്ടാമത്തേതിന്റെ പാത്രത്തിൽ നിന്ന് കഴിക്കാൻ തുടങ്ങിയത് ശ്രദ്ധിച്ചില്ലേ? രണ്ടാമത്തെ പശുവാകട്ടെ, ആദ്യപശുവിനു വേണ്ടി തന്റെ പാത്രം നീക്കിവെക്കുകയാണ് ചെയ്തത്. ഒരമ്മയ്ക്കു മാത്രമേ അങ്ങനെ ചെയ്യാൻ കഴിയൂ. രണ്ടാമത്തേതാണ് അമ്മപ്പശുവെന്നും ആദ്യപശുവാണ് അതിന്റെ കുട്ടിയെന്നും ഇതിൽ നിന്ന് മനസ്സിലാക്കാമല്ലോ.'

പ്രവർത്തനങ്ങളാണ് നമ്മുടെ വ്യക്തിത്വം നിർണയിക്കുന്നത്. ഒരാൾ ആരെന്നറിയാൻ അയാളുടെ കർമ്മങ്ങൾ നിരീക്ഷിച്ചാൽ മതി. യഥാർത്ഥ സ്വഭാവം മറച്ചുവെക്കാൻ ആർക്കും കഴിയില്ല; എപ്പോഴെങ്കിലും അത് പുറത്തുവരും.

# കണ്ണില്ലാത്ത കുഞ്ഞൻമത്സ്യം


ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനമായ അസമിൽ നിന്ന് ഒരു പുതിയ ഇനം ഭൂഗർഭമത്സ്യത്തെ കണ്ടെത്തിയിരിക്കുകയാണ് ഗവേഷകർ. ‘ഗിചാക് നക്കാന’ (Gitchk nakana) എന്നു പേരുള്ള




ഈ മത്സ്യത്തിന് പല അപൂർവ്വ സവിശേഷതകളുമുണ്ട്. ഗാരോ ഭാഷയിൽ ‘ഗിചാക്’ എന്നാൽ ചുവപ്പ് എന്നും ‘നക്കാന’ എന്നാൽ കാഴ്ചയില്ലാത്ത മീൻ എന്നുമാണർത്ഥം. പേര് സൂചിപ്പിക്കുന്നതു പോലെ ഇവയ്ക്ക് കണ്ണുകളില്ല.

ഭൂഗർഭവാസത്തിന് അനുയോജ്യമായ രീതിയിൽ രക്തനിറം കലർന്ന സുതാര്യമായ ശരീരമാണ് ഇവയ്ക്കുള്ളത്. തലയ്ക്കുമുകളിൽ അസ്ഥികളില്ലെന്നതാണ് മറ്റൊരു പ്രത്യേകത. പൂർണ്ണവളർച്ചയെത്തുമ്പോൾ ഇത്തരം മത്സ്യങ്ങൾക്ക് ഏകദേശം 2 സെന്റീമീറ്റർ മാത്രമാണ് നീളമുണ്ടാവുക. ഭൂഗർഭജല ആവാസവ്യവസ്ഥയെക്കുറിച്ച് ഇതുവരെ അറിയപ്പെടാത്ത പല വിവരങ്ങളിലേക്കും വിരൽ ചൂണ്ടുന്ന ഈ ഗവേഷണത്തിന് നേതൃത്വം നൽകിയത് സെൻകെൻബെർഗ് നാച്ചുറൽ ഹിസ്റ്ററി കളക്ഷൻസിലെ റാൽഫ് ബ്രിറ്റ്സും അസം ഡോൺ ബോസ്കോ യൂണിവേഴ്സിറ്റിയിലെ വിമരിതി കെ. മാരാക്കും ചേർന്നാണ്.


സഫർ
അസ്സലാമു അലൈക്കും
വ അലൈക്കു മുസ്സലാം.
സഫറേ വാ, ഒരു സിഗരറ്റ് വലിക്കാം.
ങ്ഹും! നിങ്ങളൊക്കെ പുകവലിക്ക്വേ? ഞാനില്ല.
ഞങ്ങൾക്കെന്താ പുകവലിച്ചാൽ?
പുകവലി പാടില്ലാത്തതൊന്നുമല്ലല്ലോ.
അത്യാവശ്യം വിവരമുള്ളവരല്ലേ നിങ്ങൾ!എന്നിട്ടിങ്ങനെയാണോ പറയുന്നത്?


ഞങ്ങൾ പറഞ്ഞ
തിലെന്താ
കുഴപ്പം?
പുകവലി അപകട
വും ആരോഗ്യത്തിന്
ഹാനികരവുമാണെ
ന്ന് അറിയില്ലേ?
അത് നിയമപ്രകാരമുള്ള ഒരു മു
ന്നറിയിപ്പ് മാത്രമാണെടോ. ഒന്ന് വ
ലിച്ചാൽ അത്ര വലിയ അപകട
മൊന്നുമുണ്ടാവില്ല.
അതു ശരിയല്ല. പുകവലി വലിയ അപകടം തന്നെ
യാണ്. അത് ശരീരത്തിന് ഹാനികരമാണെന്നും
ക്യാൻസർ പോലുള്ള മാരകരോഗങ്ങൾക്ക് കാരണ
മാകുമെന്നും പറയാത്ത ഡോക്ടർമാരില്ലല്ലോ.
പോട്ടെടോ, ഇതൊന്നു
മില്ലാതെന്തു രസം! അ
തിന്റെ അപകടം ഞ
ങ്ങൾ സഹിച്ചോളാം.
പുകവലിച്ചൂതുന്നതിന്റെ അപകടം
നിങ്ങൾ മാത്രമല്ല, നിങ്ങളുമായി സഹ
വസിക്കുന്ന എല്ലാവരും സഹിക്കേ
ണ്ടി വരുന്നുണ്ട്. അതൊരു സാമൂഹി
ക ദ്രോഹമാണ് ചങ്ങാതിമാരേ.
ങേ, അങ്ങനെ
യുണ്ടോ?
ഉണ്ട്. ഓരോ സിഗരറ്റും നിങ്ങളുടെ ശരീ
രത്തിൽ ഉണ്ടാക്കുന്നതിനെക്കാൾ വലിയ
അപകടം നിങ്ങളുടെ വീട്ടുകാർക്കും
കൂട്ടുകാർക്കും ഉണ്ടാക്കുന്നുണ്ട്. പുറ
ത്തേക്കു പോകുന്ന പുക എല്ലാവർ
ക്കും അപകടമുണ്ടാക്കുന്നു.


അത് ശരിയാണല്ലേ, അപ്പോൾ പുകവലി പാടില്ലെന്നാണോ?
മുസ്‌ലിം ചെയ്തു കൂടാത്തതാണ്.
ഒന്നു വിശദമായി പറയെടാ.
പുകവലി ശരീരത്തിന് ഹാനികരമാണ്. ഇങ്ങനെ സ്വശരീരത്തെ അപകടപ്പെടുത്താൻ പാടില്ലല്ലോ.
സമൂഹത്തിനും ഹാനികരമാണ്. സമൂഹത്തിനും അപകടമുണ്ടാക്കുന്നത് പാടില്ലാത്തതല്ലേ? പിന്നെ ഇത്തരം കാര്യങ്ങൾക്ക് പണം ചെലവഴിക്കുന്നതും വലിയ തെറ്റാണ്.
അപ്പോ പലതരം തെറ്റുകൾ പുകവലിയിലുണ്ടല്ലേ?
അതാ ഞാൻ പറഞ്ഞത്. പുകവലി മുസ്‌ലിം ചെയ്യാൻ പാടില്ലാത്ത കുറ്റമാണെന്ന്.



അബൂറയ്യാൻ

# വിശ്വപ്രസിദ്ധ മ്യൂസിയങ്ങൾ

**1. ലൂവർ മ്യൂസിയം**
(പാരീസ്, ഫ്രാൻസ്) :

ലോകത്ത് ഏറ്റവും കൂടുതൽ സന്ദർശകർ എത്തുന്ന മ്യൂസിയമാണിത്. ഒരുകാലത്ത് രാജകൊട്ടാരമായിരുന്ന ഇവിടെ മുപ്പത്തിയെണ്ണായിരത്തിലധികം ചരിത്രവസ്തുക്കളുണ്ട്. പ്രശസ്തമായ മൊണാലിസ ചിത്രം, വീനസ് ഡി മിലോ ശില്പം, ഹമ്മുറാബിയുടെ നിയമസംഹിത എന്നിവ ഇവിടുത്തെ പ്രധാന ആകർഷണസ്മാരകങ്ങളാണ്.

**2. ബ്രിട്ടീഷ് മ്യൂസിയം**
(ലണ്ടൻ, യുകെ) :

മനുഷ്യചരിത്രം, കല, സംസ്കാരം എന്നിവയ്ക്കായി സമർപ്പിക്കപ്പെട്ട ഈ മ്യൂസിയത്തിൽ 80 ലക്ഷത്തോളം പുരാവസ്തുക്കളുണ്ട്. ഈജിപ്ഷ്യൻ ഹൈറോഗ്ലിഫിക്സിന്റെ രഹസ്യം അഴിച്ചെടുത്ത റൊസെറ്റ സ്റ്റോൺ, പാർത്ഥിനനിൽ നിന്നുള്ള എൽജിൻ മാർബിൾസ് എന്നിവ ഇവിടെ കാണാം.

**3. മെട്രോപൊളിറ്റൻ മ്യൂസിയം ഓഫ് ആർട്ട്**
(ന്യൂയോർക്ക്, യുഎസ്എ)

അമേരിക്കയിലെ ഏറ്റവും വലിയ കലാലയമാണിത്. 'ദി മെറ്റ്' എന്ന് വിളിക്കപ്പെടുന്ന ഈ മ്യൂസിയത്തിൽ ഡെണ്ടൂർ ക്ഷേ

ത്രം (ഈജിപ്തിൽ നിന്ന് മാറ്റിയ ഒരു സമ്പൂർണ്ണ ക്ഷേത്രം), യൂറോപ്യൻ പെയിന്റിംഗുകൾ എന്നിവയുൾപ്പെടെ 5,000 വർഷത്തെ ലോകസംസ്കാരത്തിന്റെ ശേഷിപ്പുകളുണ്ട്.

### 4. വത്തിക്കാൻ മ്യൂസിയം

(വത്തിക്കാൻ സിറ്റി)

പതിനാറാം നൂറ്റാണ്ടിൽ സ്ഥാപിതമായ ഈ മ്യൂസിയം നൂറ്റാണ്ടുകളായി പോപ്പുമാർ ശേഖരിച്ച അത്ഭുത വസ്തുക്കളുടെ ശേഖരങ്ങളാൽ സമ്പന്നമാണ്. മൈക്കലാഞ്ചലോയുടെ വിശ്വപ്രസിദ്ധമായ ചിത്രങ്ങളുള്ള സിസ്റ്റൈൻ ചാപ്പലാണ് ഇവിടത്തെ പ്രധാന കാഴ്ച.


### 5. സ്റ്റേറ്റ് ഹെർമിറ്റേജ് മ്യൂസിയം (സെന്റ് പീറ്റേഴ്സ്ബർഗ്, റഷ്യ)

ലോകത്തിലെ രണ്ടാമത്തെ വലിയ മ്യൂസിയമാണിത്. വിന്റർ പാലസ് ഉൾപ്പെടെ ആറ് ചരിത്രപരമായ കെട്ടിടങ്ങളിലായി 30 ലക്ഷത്തിലധികം വസ്തുക്കൾ ഇവിടെയുണ്ട്. ഡാവിഞ്ചി, പിക്കാസോ, റെംബ്രാന്റ്











എന്നിവരുടെ വിഖ്യാത ചിത്രങ്ങൾ ഇവിടെ പ്രദർശിപ്പിച്ചിരിക്കുന്നു.

**6. നാഷണൽ മ്യൂസിയം ഓഫ് ചൈന**

(ബീജിംഗ്, ചൈന)

ടിയാനൻമെൻ സ്ക്വയറിന് സമീപം സ്ഥിതി ചെയ്യുന്ന ഈ മ്യൂസിയം ചൈനീസ് ചരിത്രത്തിന്റെ സമഗ്രമായ ചിത്രം നൽകുന്നു. പുരാതന വെങ്കലപാത്രമായ സിമുവു ഡിംഗ് ഉൾപ്പെടെയുള്ള വിപുലമായ ശേഖരം ഇവിടെയുണ്ട്.

**7. ദി പ്രാഡോ**

(മാഡ്രിഡ്, സ്പെയിൻ)

12 മുതൽ 20 വരെ നൂറ്റാണ്ടുകളിലെ യൂറോപ്യൻ കലകളുടെ ഏറ്റവും മികച്ച ശേഖരം ഇവിടെയാണെന്ന് കരുതപ്പെടുന്നു. വേലാസ്ക്വെസ്, ഗോയ തുടങ്ങിയ സ്പാനിഷ് മാസ്റ്റർമാരുടെ മികച്ച സൃഷ്ടികൾ കാണാൻ പറ്റിയ ഇടമാണിത്.

**8. ഉഫിസി ഗാലറി**

(ഫ്ളോറൻസ്, ഇറ്റലി)

ഇറ്റാലിയൻ നവോത്ഥാനത്തിന്റെ ഹൃദയമായ ഇവിടെ ലോകത്തിലെ ഏറ്റവും വലിയ ഇറ്റാലിയൻ പെയിന്റിംഗ് ശേഖരമുണ്ട്. ബോട്ടിസെല്ലിയുടെ 'ദ ബർത്ത് ഓഫ് വീനസ്', ഡാവിഞ്ചിയുടെ 'ദ അനൻസിയേഷൻ' എന്നിവ ഇവിടുത്തെ നിധികളാണ്.

**9. റിക്സ് മ്യൂസിയം**

(ആംസ്റ്റർഡാം, നെതർലാൻഡ്സ്)

ഡച്ച് മാസ്റ്റർപീസുകളുടെ കേന്ദ്രമാണിത്. റെംബ്രാന്റിന്റെ 'ദി നൈറ്റ് വാച്ച്', വെർമീറിന്റെ 'ദി മിൽക്ക് മെയ്ഡ്' എന്നിവ ഉൾപ്പെടെ ഡച്ച് സുവർണ്ണകാലത്തെ അത്ഭുതങ്ങൾ ഇവിടെ കാണാം.

**10. ഗ്രാന്റ് ഈജിപ്ഷ്യൻ മ്യൂസിയം** (ഗിസ, ഈജിപ്ത്)


പുരാതന ഈജിപ്തിനും അതിന്റെ സംസ്കാരം, സമൂഹം, കരകൗശല വസ്തുക്കൾ എന്നിവയ്ക്കും സമർപ്പിക്കപ്പെട്ട ലോകത്തിലെ ഏറ്റവും വലിയ പുരാവസ്തു മ്യൂസിയമാണിത്. തുതൻഖാമന്റെ അയ്യായിരത്തിലധികം വരുന്ന മുഴുവൻ ശേഖരവും ആദ്യമായി ഒരുമിച്ച് പ്രദർശിപ്പിച്ചത് ഇവിടെയാണ്.

ശാസ്ത്രശാല

# കടലാസ് പാലം

**പല രൂപത്തിലും പല അളവിലുമുള്ള പാലങ്ങൾ കൂട്ടുകാർ കണ്ടിട്ടില്ലേ? നമുക്ക് കടലാസ് ഉപയോഗിച്ച് ഒരു പാലം നിർമ്മിച്ച് അതിന് എത്ര ഭാരം താങ്ങാൻ കഴിയുമെന്ന് പരിശോധിച്ചുനോക്കിയാലോ?**

**ആവശ്യമായത്:** രണ്ട് കട്ടിയുള്ള പുസ്തകങ്ങൾ അല്ലെങ്കിൽ ചെറിയ രണ്ട് ബോക്സുകൾ, കടലാസ്, ടാപ്പ്, നാണയങ്ങൾ



## നിർദ്ദേശങ്ങൾ :

1. പുസ്തകങ്ങൾ/ബോക്സുകൾ തമ്മിൽ ഏകദേശം 10 ഇഞ്ച് അകലത്തിൽ വയ്ക്കുക. അതിനു കുറുകെ ഒരു ഷീറ്റ് പേപ്പർ വയ്ക്കുക.

2. പേപ്പറിന്റെ മധ്യഭാഗത്ത് ഒരു നാണയം വയ്ക്കുക. പാലം തകർന്നുപോയോ? ഇല്ലെങ്കിൽ കൂടുതൽ നാണയങ്ങൾ വെച്ചുനോക്കൂ.

3. പേപ്പർ നീളത്തിൽ പകുതിയായി മടക്കി വീണ്ടും പാലമാക്കിവെച്ച് പരീക്ഷിച്ചു നോക്കൂ. പാലം കൂടുതൽ നാണയങ്ങൾ താങ്ങുന്നുണ്ടോ?

4. പേപ്പറിനെ നീളത്തിൽ രണ്ട് തവണ പകുതിയായി മടക്കി വശങ്ങൾ ഭിത്തികൾ പോലെ മുകളിലേക്ക് മടക്കി ഒരു കനാൽ ആകൃതിയിൽ മടക്കിവെച്ചു നോക്കൂ.

5. ഇനി, പാലത്തിലൂടെ വാഹനങ്ങളും ആളുകളും കടന്നുപോകുന്നതു പോലെ നിരനിരയായി നാണയങ്ങൾ വച്ചു നോക്കൂ.

6. പാലത്തിൽ ഒരു നിര നിറഞ്ഞാൽ, നാണയങ്ങളുടെ രണ്ടാം നിര തുടങ്ങുക. പാലം തകരുന്നതുവരെ നാണയങ്ങൾ വയ്ക്കുന്നത് തുടരുക.

7. പേപ്പർ മടക്കുന്ന എണ്ണം, അടിഭാഗത്തിന്റെ വീതി, വശങ്ങളിലെ ഭിത്തികളുടെ ഉയരം എന്നിവ മാറ്റി പാലത്തിന്റെ വിവിധ രൂപങ്ങൾ പരീക്ഷിച്ചു നോക്കൂ.

**സംഭവിക്കുന്നത്:** ഒരു സാധാരണ പേപ്പർ പാലമായി വച്ചാൽ അത് നാണയങ്ങൾ വയ്ക്കുന്നതിനു മുമ്പു തന്നെ വീണുപോയേക്കാം. പേപ്പർ പകുതിയായി മടക്കുമ്പോൾ അതിന് കുറച്ച് നാണയങ്ങൾ താങ്ങാൻ കഴിയുന്നതായി കാണാം. പേപ്പർ കൂടുതൽ തവണ മടക്കുന്തോറും അതിന്റെ ശക്തി വർദ്ധിച്ചുവരുന്നു. വശങ്ങളിൽ ഭിത്തികൾ നൽകി ആകൃതി മാറ്റിയപ്പോൾ പാലത്തിന് ഡസൻ കണക്കിന് നാണയങ്ങൾ താങ്ങാൻ കഴിഞ്ഞു. ഒരു നിരപ്പായ പേപ്പറിനെ ലംബമായി എളുപ്പത്തിൽ വളയ്ക്കാൻ കഴിയുമെങ്കിലും, ലംബമായ ഭിത്തികൾ നൽകുന്നതോടെ അതിനെ വളയ്ക്കൽ പ്രയാസകരമാകുന്നു. ഇതാണ് പാലത്തിന് ശക്തി നൽകുന്നത്.

മനോജ് പരപ്പ

# മിന്നനും ചിന്നനും

മഞ്ഞിലക്കാട്ടിലായിരുന്നു മിന്നൻ മുള്ളൻ പന്നിയും ചിന്നൻ മുള്ളൻപന്നിയും താമസിച്ചിരുന്നത്. മിന്നൻ വളരെ ബുദ്ധിശാലിയായിരുന്നു. ചിന്നനാകട്ടെ, അല്പം വാശിക്കാരനും. മറ്റുള്ളവരുടെ മുന്നിൽ വെറുതെ ആളാവാൻ ശ്രമിക്കുന്നതായിരുന്നു അവന്റെ ഹോബി.

ഒരിക്കൽ മിന്നൻ കാട്ടിലൂടെ നടക്കുമ്പോൾ തേന്മാവിന്റെ ചുവട്ടിൽ സങ്കടപ്പെട്ടിരിക്കുന്ന മിട്ടുമുയലിനെ കാണാനിടയായി.

'എന്താ മിട്ടൂ, എന്തുപറ്റി നിനക്ക്?' മിന്നൻ അരികിൽ ചെന്നു ചോദിച്ചു.

മിട്ടു സങ്കടത്തോടെ പറഞ്ഞു: 'എനിക്ക് ഈ തേന്മാവിലെ മാമ്പഴം കഴിക്കാൻ കൊതിയായി. ദാ, മുകളിൽ നിന്ന് തക്കുടു അണ്ണാൻ കുറെയെണ്ണം പറിച്ച് താഴേക്കിട്ടു തന്നിരുന്നു. പക്ഷേ, അതെല്ലാം ചതഞ്ഞു നാശമായിപ്പോയി!'



മിന്നൻ ചിരിച്ചുകൊണ്ട് മുകളിലേക്കു നോക്കി പറഞ്ഞു: 'ഓ, അതാണോ കാര്യം? അതിനൊരു വഴിയുണ്ട്. തക്കുടൂ, നീ മാമ്പഴം പറിച്ച് എന്റെ മുതുകിലേക്കിട്ടോളൂ.'

തക്കുടു അണ്ണാൻ മാമ്പഴങ്ങൾ പറിച്ച് താഴേക്കിട്ടു. മിന്നൻ ശരീരത്തിലെ മുള്ളുകൾ വിടർത്തി അത് നിലത്തുവീഴാതെ പിടിച്ചെടുത്തു. എന്നിട്ടവയെല്ലാം മിട്ടു മുയലിന് നൽകി. മിട്ടുവിന് സന്തോഷമായി! അവൻ മിന്നനു നന്ദി പറഞ്ഞ് മാമ്പഴവുമായി വീട്ടിലേക്ക് മടങ്ങി.

ഇതെല്ലാം അടുത്തുള്ള കുറ്റിക്കാട്ടിലിരുന്ന് ചിന്നൻ മുള്ളൻ പന്നി കാണുന്നുണ്ടായിരുന്നു.

'എനിക്കും ഇതുപോലെ ആരെയെങ്കിലും സഹായിക്കണം. എന്നിട്ടു വേണം എല്ലാവരുടെയും മുമ്പിൽ ഒരു വീരനായി നടക്കാൻ.' ചിന്നൻ മനസ്സിൽ കരുതി. ഏതാനും ദിവസങ്ങൾ കഴിഞ്ഞ് ചിന്നൻ കാട്ടിലൂടെ നടക്കുമ്പോൾ ദാ, കുട്ടൻ മുയൽ ഒരു വരിക്കപ്ലാവിന്റെ ചുവട്ടിലിരുന്ന് കരയുന്നു!

'എന്താ കുട്ടാ, നീ എന്തിനാ കരയുന്നത്?' ചിന്നൻ ഗമയിൽ ചോദിച്ചു.

കുട്ടൻ പറഞ്ഞു: 'ചിമ്പുക്കുരങ്ങൻ നല്ലൊരു തേൻവരിക്ക പറിച്ച് താഴേക്കിട്ടു തന്നിരുന്നു. പക്ഷേ, ചക്ക വീണ് ഉടഞ്ഞുപോയി. എനിക്കാണെങ്കിൽ, തേൻവരിക്ക തിന്നാൻ



# വായന

**അ**റിവില്ലെങ്കിൽ
നമ്മുടെ ജീവിതം
ദുസ്സഹമാകും
കുട്ടികളേ,
അറിവും കഴിവും
നേടാൻ നമുക്ക്
വായന വേണം
കുട്ടികളേ



പി.വി.എസ് പടിക്കൽ

കൊതിയായിട്ടുവയ്യ.'

ചിന്നൻ ആലോചിച്ചു: 'ഇതുതന്നെ തക്കം! എന്റെ കരുത്ത് തെളിയിക്കാൻ പറ്റിയ സമയം.'

അവൻ മരത്തിനുമുകളിലുള്ള ചിമ്പുക്കുരങ്ങനോട് പറഞ്ഞു: 'ചിമ്പൂ, നീ ഒരു ചക്ക പറിച്ച് എന്റെ മുതുകിലേക്കിട്ടോളൂ. നിലത്തു വീഴാതെ ഞാൻ പിടിച്ചോളാം.'

കേട്ടപാതി കേൾക്കാത്ത പാതി ചിമ്പുക്കുരങ്ങൻ ഒരു വലിയ വരിക്കച്ചക്ക പറിച്ച് താഴേക്കിട്ടു. ചിന്നൻ മുള്ളുകൾ വിടർത്തി, മുതുക് കാണിച്ചു നിന്നു. പ്ധും! ചക്ക നേരെ ചിന്നന്റെ മുതുകിൽ തന്നെ വീണു.

'നടുവൊടിഞ്ഞേ... രക്ഷിക്കണേ....' നിലത്തു വീണ ചിന്നൻ ഉറക്കെ നിലവിളിച്ചു. മാമ്പഴം പോലെയല്ലല്ലോ ചക്ക! ചക്കയുടെ ഭാരം താങ്ങാനുണ്ടോ പാവം ചിന്നന് കഴിയുന്നു! അവന്റെ മുള്ളുകളെല്ലാം ഒടിഞ്ഞുപോയി.

കരച്ചിൽ കേട്ട് ഓടിവന്ന മൃഗങ്ങളെല്ലാം ചേർന്ന് ചിന്നനെ ആമവൈദ്യന്റെ അടുത്തേക്ക് കൊണ്ടുപോയി. ഒത്തിരി ദിവസത്തെ ചികിത്സയ്ക്കു ശേഷമാണ് ചിന്നന്റെ വേദന മാറിയത്. 'അന്ധമായി മറ്റുള്ളവരെ അനുകരിക്കരുത്, കഴിവും സാഹചര്യവും ആലോചിച്ചിട്ടു വേണം കാര്യങ്ങൾ ചെയ്യാൻ.' മിന്നൻ ചിന്നനെ ഉപദേശിച്ചു.






# തെലങ്കാന

- തലസ്ഥാനം : ഹൈദരാബാദ്
- വിസ്തീർണം : 1,12,077 ച.കി.മീ
- ജനസംഖ്യ : 3,50,03,674
- ജനസാന്ദ്രത : 312/ച.കി.മീ
- സ്ത്രീപുരുഷ അനുപാതം : 988/1000
- സാക്ഷരത : 66.54%
- ഭാഷ : തെലുങ്ക്, ഉർദു
- ലോക്സഭാ സീറ്റുകൾ : 17
- രാജ്യസഭാ സീറ്റുകൾ : 7
- അസംബ്ലി സീറ്റുകൾ : 119

## ജില്ലകൾ

1. ആദിലാബാദ് 2. ഭദ്രാദ്രി കോതഗുഡെം, 3. ഹൈദരാബാദ്. 4. ജഗ്തിയൽ, 5. ജംഗാവോ, 6. ജയശങ്കർ ഭൂപാൽപള്ളി, 7. ജോഗുലംബ ഗദ്വാൾ, 8. കമറെഡ്ഡി, 9. കരിംനഗർ, 10. ഖമ്മം, 11. കുമുറംഭീം, 12. മഹബൂബാബാദ്, 13. മഞ്ചേരിയൽ, 14. മേദക്, 15. മെഡ്ചൽ, 16. നഗർ കുർണൂൽ, 17. നൽഗൊണ്ട, 18. നിർമൽ, 19. നിസാമാബാദ്, 20. പെദ്ദപള്ളി, 21. രജന്ന സിർസില്ല, 22. രംഗറെഡ്ഡി, 23. സംഗറെഡ്ഡി, 24. സിദ്ധിപ്പെട്ട്, 25. സൂര്യപ്പെട്ട്, 26. വികരാബാദ്, 27. വനപാർത്തി, 28. വാറംഗൽ (റൂറൽ), 29. ഹനുമാൻക്കൊണ്ട, 30. യദദ്രി ഭുവനഗിരി, 31. മെഹബൂബ് നഗർ, 32. മുലുഗു, 33. നാരായൺപേട്ട്

## ചരിത്രം

☯ 1956ൽ ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിക്കപ്പെട്ടപ്പോൾ ആന്ധ്രപ്രദേശിന്റെ ഭാഗമായി.

☯ പുതിയ സംസ്ഥാനത്തിനു വേണ്ടി 2001ൽ തെലങ്കാന രാഷ്ട്രസമിതിയുടെ നേതൃത്വത്തിൽ പ്രക്ഷോഭങ്ങൾ നടന്നു.

☯ 2014 ൽ പാർലമെന്റ് പാസാക്കിയ ആന്ധ്രപ്രദേശ് പുനഃസംഘടനാ ആക്ടിന് മാർച്ച് ഒന്നിന് അംഗീകാരം ലഭിച്ചു.

☯ 2014 ജൂൺ രണ്ടിന് തെലങ്കാന നിലവിൽവന്നു.

### അതിർത്തികൾ

കിഴക്ക് – ആന്ധ്രപ്രദേശ്
തെക്കുപടിഞ്ഞാറ് – കർണാടക
വടക്കുപടിഞ്ഞാറ് – മഹാരാഷ്ട്ര
വടക്കുകിഴക്ക് – ഛത്തീസ്ഗഡ്

**സംസ്ഥാന പുഷ്പം : തങ്കേഡു**
**സംസ്ഥാന വൃക്ഷം : ജമ്മിചെട്ടു**
**സംസ്ഥാന പക്ഷി : ഇന്ത്യൻ റോളർ**
**സംസ്ഥാന മൃഗം : മാൻ**

അബൂതസ്നീം

# ചക്ക തിന്നും തോറും...

'മക്കളേ, വരിൻ ചക്കപ്പഴം തിന്നാൻ.'

കുഞ്ഞുമോനും കൂട്ടുകാരും മൈതാനത്ത് കളിക്കുന്നതിനിടയിലാണ് ഉപ്പാപ്പാന്റെ വിളി കേട്ടത്.

'ചക്കപ്പഴോ? ഞങ്ങൾക്കു വേണ്ടാ.'

'ആർക്കു വേണം ഇപ്പോ ചക്കപ്പഴം!'

കൂട്ടുകാർ ഇങ്ങനെ ഓരോന്ന് വിളിച്ചു പറഞ്ഞപ്പോൾ കുഞ്ഞുമോൻ പറഞ്ഞു: 'വാടോ, നമ്മൾക്കൊന്നു പോയി നോക്കാം. ഉപ്പാപ്പ വിളിച്ചതല്ലേ.'

ചക്ക പറിച്ചെടുത്ത് പ്ലാവിൻചുവട്ടിൽ വെച്ചു കഷണങ്ങളാക്കി മുറിച്ച് ശാപ്പിടുകയാണ് ഉപ്പാപ്പ. നല്ല മഞ്ഞനിറത്തിൽ കൊതിയൂറുന്ന മണമുള്ള ചക്കപ്പഴം.

'വന്നിരിക്കൂ മക്കളേ, ദാ നോക്ക്, നല്ല തേൻവരിക്ക. ഒരു ചുള തിന്നുനോക്ക്...'

ഉപ്പാപ്പ വീണ്ടും ക്ഷണിച്ചപ്പോൾ കുഞ്ഞുമോനും റിയാസും അടുത്ത് ചെന്നിരുന്നു. ഉപ്പാപ്പ അവർക്ക് ചക്കച്ചുളയെടുത്തു കൊടുത്തു പറഞ്ഞു: 'തിന്നുനോക്ക്... എന്താ മധുരം, അല്ലേ?'

കുഞ്ഞുമോനും റിയാസും ചക്കച്ചുള വാങ്ങി തിന്നാൻ തുടങ്ങി. മാറി നിൽക്കുന്ന കൂട്ടുകാരെ നോക്കി അവർ വിളിച്ചുപറഞ്ഞു: 'ഹായ്! എന്തു രസം... എന്തു മധുരം!'

'എടോ ചക്ക തിന്നാൽ വയറുവേദനയെടുക്കൂലേ?' അവരിലൊരാൾ വിളിച്ചുചോദിച്ചു.



‘ആരു പറഞ്ഞു മക്കളേ ഈ വിഡ്ഢിത്തം? ചക്ക ആരോഗ്യത്തിനു നല്ലതാ. ഒരു വയറുവേദനയുമുണ്ടാവില്ല.’

‘കൈയും വായും മണക്കില്ലേ?’ മറ്റൊരു കുട്ടിയുടെ സംശയം.

‘അതിനെന്താ, മോശം മണമൊന്നുമല്ലല്ലോ!’ ഉപ്പാപ്പ കൈ മണത്തുനോക്കിപ്പറഞ്ഞു.

‘എന്നാൽ, ഒരു ചുള തിന്നു നോക്കട്ടെ.’ അവരിലൊരാൾ കൂട്ടത്തിൽ വന്നിരുന്നു. അതോടെ കൂട്ടുകാരെല്ലാം വന്ന് ഉപ്പാപ്പാന്റെ ചുറ്റും വട്ടത്തിലിരുന്നു. ഉപ്പാപ്പ ചക്കച്ചുള എടുത്തുകൊടുക്കാൻ തുടങ്ങി. പിന്നെ നോക്കുമ്പോൾ ആർക്കും മതിയാവുന്നില്ല. ഓരോരുത്തരും വീണ്ടും വീണ്ടും കൈ നീട്ടാൻ തുടങ്ങി. ചക്കച്ചുള പിരിഞ്ഞെടുത്തുകൊടുത്തുകൊടുത്ത് ഉപ്പാപ്പയുടെ കൈ കുഴഞ്ഞു. അതിനിടെ ഉപ്പാപ്പ പറയാൻ തുടങ്ങി: ‘മക്കളേ, ചക്കയുടെ രുചിയും മധുരവും ഇപ്പോ നിങ്ങൾക്ക് മനസ്സിലായില്ലേ? എത്ര രുചികരമായ പഴമാ പടച്ചവൻ



നമുക്ക് തന്നത്! എന്നിട്ട് അത് വേണ്ടെന്നു പറഞ്ഞ് ഒഴിവാക്കുകയോ? പാടില്ല മക്കളേ. ഓരോ കാലത്തേക്കും യോജിച്ച പഴങ്ങളും ധാന്യങ്ങളും പച്ചക്കറികളും കിഴങ്ങുകളുമൊക്കെ പടച്ചവൻ നമുക്ക് തന്നിട്ടുണ്ട്. ചൂടുകാലത്ത് രോഗങ്ങളെ തടയാനും ആരോഗ്യം വർദ്ധിപ്പിക്കാനും പടച്ചവൻ നമുക്ക് തന്ന പഴങ്ങളാണ് ചക്കയും മാങ്ങയുമൊക്കെ. അത് കിട്ടുമ്പോൾ ഒരിക്കലും വേണ്ടെന്നു പറയരുത്. ഓരോ കുറ്റം പറഞ്ഞ് ഒഴിവാക്കരുത്.'

'ചക്കയിൽ നിന്ന് എന്തു ഗുണമാ ഉപ്പാപ്പാ നമുക്ക് കിട്ടുന്നത്?' കുഞ്ഞുമോൻ ചോദിച്ചു.

ധാരാളം പോഷകങ്ങളടങ്ങിയ പഴമാണ് മക്കളേ ചക്ക. കഠിനമായ ചൂട് ശരീരത്തെ ബാധിക്കുന്നത് ചക്കപ്പഴം തടയും. രോഗങ്ങളെ ചെറുത്തുതോൽപ്പിക്കും. മക്കളേ, നിങ്ങൾക്കറിയാമോ, മാരകമായ കാൻസറിനെ തടയാൻ പോലും ചക്കപ്പഴത്തിന് കഴിവുണ്ടത്രെ!'

'ക്യാൻസറിനെ തടയാനോ?' റിയാസ് ചിരിച്ചുകൊണ്ട് ചോദിച്ചു.

'എന്താ മോനേ, വിശ്വാസം വരുന്നില്ല അല്ലേ? ഞാൻ വെറുതെ പറയുകയല്ല. ശാസ്ത്രപരീക്ഷണങ്ങളിൽ തെളിഞ്ഞ കാര്യമാണ്. ചക്കപോലുള്ള നാടൻപഴങ്ങൾ ഒഴിവാക്കിയപ്പോഴാണല്ലോ നമ്മു





ടെ നാടുകളിൽ കാൻസർ പോലുള്ള രോഗങ്ങൾ വർദ്ധിച്ചത്.' ഉപ്പാപ്പ വിശദീകരിച്ചപ്പോൾ കുഞ്ഞുമോൻ ചോദിച്ചു: 'ഉപ്പാപ്പ ചക്കപ്പഴം ധാരാളം തിന്നാറുണ്ടോ?'

'കിട്ടിയാൽ ഒഴിവാക്കാറില്ല മോനേ.' ഉപ്പാപ്പ ചിരിച്ചുകൊണ്ട് തുടർന്നു: 'മക്കളേ, ഞങ്ങളുടെ കുട്ടിക്കാലത്ത് ചക്കയും മാങ്ങയും കപ്പയും ചേനയും മറ്റു കിഴങ്ങുവർഗ്ഗങ്ങളുമൊക്കെയായിരുന്നു പ്രധാന ആഹാരം. പ്ലാവിൽ ചക്ക വിരിഞ്ഞു തുടങ്ങുമ്പോൾ തന്നെ പറിച്ചെടുത്തു തിന്നാൻ തുടങ്ങും.'

'പഴുക്കാത്ത ചക്കയോ?' കുഞ്ഞുമോന് സംശയം.

മൂപ്പെത്താത്ത കുഞ്ഞുചക്കയെ കൊത്തൻചക്ക എന്നാണ് പറയുക. അത് ചെത്തിയരിഞ്ഞ് ഉപ്പേരിയുണ്ടാക്കും. മൂപ്പെത്തിയാൽ മുളകും തേങ്ങയും അരച്ചുചേർത്ത് പുഴുങ്ങും. പുഴുങ്ങിയ ചക്കയുടെ രസം ഒന്നുവേറെ തന്നെയാണ് മക്കളേ. ഇന്നത്തെ മന്തിയെക്കാളും ബിരിയാണിയെക്കാളും മുന്തിയതാ അത്. പിന്നെ ചക്കക്കുരുവിന്റെ കാര്യം പറയുകയേ വേണ്ട. ചക്കക്കുരു കറി വെക്കും, ഉപ്പേ

## അന്താരാഷ്ട്ര ജൈവവൈവിധ്യ ദിനം

**ഭൂ**മിയിലെ സസ്യങ്ങൾ, ജന്തുക്കൾ, സൂക്ഷ്മജീവികൾ എന്നിവയുൾപ്പെടുന്ന ജീവജാലങ്ങളുടെ വൈവിധ്യത്തെ സംരക്ഷിക്കുന്നതിനായി മെയ് 22 അന്താരാഷ്ട്ര ജൈവവൈവിധ്യ ദിനമായി ആചരിക്കുന്നു. പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും മനുഷ്യന്റെ നിലനിൽപ്പിനും ജൈവവൈവിധ്യം അത്യന്താപേക്ഷിതമാണ്. വംശനാശഭീഷണി നേരിടുന്ന ജീവിവർഗങ്ങളെ സംരക്ഷിക്കാനും പ്രകൃതിവിഭവങ്ങൾ കരുതലോടെ ഉപയോഗിക്കാനും ഈ ദിനം നമ്മെ ഓർമ്മിപ്പിക്കുന്നു.

രിയാക്കും, തോരനുണ്ടാക്കും, ഉണങ്ങിയ ചക്കക്കുരു അടുപ്പിലിട്ടു ചുട്ടു തിന്നും, ചക്കക്കുരു വറുത്തത് തൊലികളഞ്ഞ് ശർക്കരയും തേങ്ങയും ചേർത്ത് പൊടിച്ച് പലഹാരമുണ്ടാക്കും. ഹൗ... അതിന്റെയൊക്കെ ഒരു രസം! പറഞ്ഞറിയിക്കാൻ പറ്റില്ല മക്കളേ.' ഉപ്പാപ്പാന്റെ വായിൽ വെള്ളമൂറി. ആ രുചിയോർത്ത് കൂട്ടുകാരുടെ വായിലും കപ്പലോടിക്കാൻ മാത്രം ഉമിനീർ നിറഞ്ഞു. അവ നുണച്ചിറക്കിക്കൊണ്ട് റിയാസ് ചോദിച്ചു: 'ഉപ്പാപ്പാ, അതൊക്കെ ഞങ്ങൾക്കും ഉണ്ടാക്കിത്തരാൻ പറ്റുമോ?'

ഉപ്പാപ്പ ചിരിച്ചുകൊണ്ട് പറഞ്ഞു: 'ഇതൊക്കെ ഉണ്ടാക്കാൻ വലിയ പണിയൊന്നുമില്ലല്ലോ. നമ്മുടെയൊക്കെ പ്ലാവുകളിൽ ഇഷ്ടംപോലെ ചക്കയുണ്ടല്ലോ. വീട്ടിൽ പോയി ഉമ്മയോടോ മറ്റുള്ളവരോടോ ഉണ്ടാക്കിത്തരാൻ പറഞ്ഞാൽ മതി. ചക്ക പറിക്കാനും കഷണങ്ങളാക്കി വേർതിരിക്കാനുമൊക്കെ നിങ്ങളും കൂടിക്കൊടുത്താൽ മതി. നിങ്ങളൊന്നും കഴിക്കാതായപ്പോഴല്ലേ പ്ലാവുകളിൽ നിന്ന് ചക്ക പഴുത്തു വീണ് പാഴായിപ്പോകാൻ തുടങ്ങിയത്. ഇപ്പോ തിന്നു നോക്കിയപ്പോൾ ചക്കയുടെ മധുരവും രുചിയും തിരിച്ചറിഞ്ഞല്ലോ. ഇനി ചക്കക്കാലം കഴിയുവോളം ചക്ക തിന്നാൻ ശ്രമിച്ചോളൂ. അതിന്റെ വിത്തെടുത്ത് മുളപ്പിച്ച് പ്ലാവുകൾ ഉണ്ടാക്കാനും ശ്രമിക്കണം കേട്ടോ. ഈ പഴഞ്ചൊല്ല് കേട്ടിട്ടില്ലേ നിങ്ങൾ: 'ചക്ക തിന്നുന്തോറും, പ്ലാവ് വെക്കാൻ തോന്നും!'

# ഈദുൽഅള്ഹാ ഇബ്റാഹീമീ സ്മരണകൾ

മുഹമ്മദ് ശിബിലി പാറക്കടവ്

**‘ഖ**ലീലുല്ലാഹ്’ എന്ന പേരിൽ അറിയപ്പെട്ട പ്രവാചകനാണ് ഇബ്റാഹീംനബി(അ). ബലിപെരുന്നാളിനോടനുബന്ധിച്ചുള്ള ആരാധനകളെല്ലാം ഇബ്റാഹീംനബി(അ)ന്റെയും പ്രിയപത്നി ഹാജറബീവി(റ)യുടെയും മകൻ ഇസ്മാഈൽനബി(അ)ന്റെയും പാവന സ്മരണകളാണ്. തിരമാലകൾ പോലെ വന്ന പരീക്ഷണങ്ങളിലെല്ലാം അല്ലാഹുവിലുള്ള അചഞ്ചലമായ വിശ്വാസത്തിന്റെയും ത്യാഗത്തിന്റെയും ബലത്തിൽ ഇബ്റാഹീംനബി(അ) വിജയിച്ചു.

അനേകം വർഷങ്ങളുടെ പ്രാർത്ഥനാനിർഭരമായ കാത്തിരിപ്പിനൊടുവിലാണ് ഇബ്റാഹീംനബി(അ)ന് മകൻ ഇസ്മാഈൽ പിറന്നത്. കുഞ്ഞുമോനെ കണ്ട് കൊതി തീരുന്നതിനു മുമ്പ് അല്ലാഹുവിൽ നിന്ന് അടുത്ത പരീക്ഷണം വന്നെത്തി; പ്രിയതമയെയും മകനെയും വിജനമായ മക്കയിൽ താമസിപ്പിക്കാൻ അല്ലാഹുവിന്റെ നിർദ്ദേശം! ഇബ്റാഹീംനബി(അ) ആ കൽപ്പനയും ശിരസ്സാവഹിച്ചു.

ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ, ഹാജറബീവി(റ)യുടെ കൈവശമുണ്ടായിരുന്ന വെള്ളവും ഈത്തപ്പ

ഴവും തീർന്നുപോയി.

കരയുന്ന കുഞ്ഞിനെ ഒരിടത്ത് കിടത്തി വെള്ളം അന്വേഷിച്ച് മഹതി സ്വഫാ, മർവാ കുന്നുകൾക്കിടയിൽ ഓടി നടന്നു. ഒടുവിൽ ഇസ്മാഈൽ(അ) കിടന്നിരുന്ന സ്ഥലത്ത് സംസം ഉറവു പൊട്ടി. സംസം ഒരു പുതിയ നാഗരികതക്ക് തുടക്കം കുറിച്ചു. മക്കയിൽ ജനങ്ങൾ താമസമാക്കിത്തുടങ്ങി. നൂറ്റാണ്ടുകൾക്കു ശേഷവും ലക്ഷക്കണക്കിന് ജനങ്ങൾക്ക് ദാഹശമനവും രോഗശമനവും നൽകുന്ന അത്ഭുത നീരുറവയാണ് സംസം.

ഏതാനും വർഷങ്ങൾ കഴിഞ്ഞപ്പോൾ, അല്ലാഹുവിൽ നിന്നുള്ള അടുത്ത പരീക്ഷണമെത്തി; മകൻ ഇസ്മാഈലിനെ അല്ലാഹുവിനുവേണ്ടി ബലിയറുക്കണം. ഇബ്റാഹീംനബി(അ) അതിനും സന്നദ്ധനായി. ബലിയറുക്കാനൊരുങ്ങിയപ്പോൾ അല്ലാഹുവിന്റെ പ്രഖ്യാപനം വന്നു; ഇബ്റാഹീംനബിയേ, അങ്ങ് സ്വപ്നം സാക്ഷാത്കരിച്ചിരിക്കുന്നു. മകനു പകരം, ഈ ആടിനെ അറുത്തുകൊള്ളുക! ഈ ബലികർമത്തിന്റെ സ്മരണയാണ് ഉള്ഹിയ്യത്ത് കർമ്മം.

താനാണ് ദൈവം എന്ന് വാദിച്ച ബാബിലോണിയയിലെ സ്വേച്ഛാധിപതിയായിരുന്നു നംറൂദ്. ഇബ്റാഹീംനബി(അ) നംറൂദിനെ സത്യവിശ്വാസത്തിലേക്ക് ക്ഷണിച്ചു. കുപിതനായ നംറൂദ് ഇബ്റാഹീംനബി(അ) തീയിലിറെഞ്ഞ് വധിക്കാൻ ഒരുങ്ങി. എന്നാൽ, ഒരു പോറലുമേൽക്കാതെ നബിയെ അല്ലാഹു രക്ഷപ്പെടുത്തി.

ആദംനബി(അ)ന്റെ കാലത്ത് മലക്കുകൾ പണികഴിപ്പിച്ച വിശുദ്ധ കഅ്ബാലയത്തിന് നൂഹ്നബി(അ)ന്റെ കാലത്തുണ്ടായ പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ചിരുന്നു. പിന്നീട് അല്ലാഹുവിന്റെ നിർദ്ദേശപ്രകാരം ഇബ്റാഹീംനബി(അ)യും മകൻ ഇസ്മാഈൽ നബി(അ)യും ചേർന്നാണത് പുനർനിർമ്മിച്ചത്. കഅ്ബ നിർമ്മിക്കാനും ഹജ്ജിനുവേണ്ടി ജനങ്ങളെ വിളിക്കാനും അല്ലാഹു കൽപ്പിക്കുകയായിരുന്നു. അപ്രകാരം ഇബ്റാഹീംനബി(അ) കഅ്ബാലയം നിർമ്മിച്ച് ജനങ്ങളെ വിളിച്ചു. അതോടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ജനങ്ങൾ ഹജ്ജിനുവേണ്ടി മക്കയിലേക്ക് ഒഴുകിത്തുടങ്ങി.



റൈഹാൻ

സമസ്ത ചരിത്രം - 29

# കൈപ്പറ്റ മമ്മൂട്ടി മുസ്‌ലിയാർ

**വ**ണ്ടൂരിലെ ഒരു മുതലാളിയുടെ ആനയെ കാണാതായി. നാട്ടിലും കാട്ടിലുമൊക്കെ തിരഞ്ഞു. പക്ഷേ, കണ്ടുകിട്ടിയില്ല. മുതലാളി വണ്ടൂർപള്ളിയിൽ ദർസ് നടത്തുന്ന പണ്ഡിതനോട് വിവരം പറഞ്ഞു. ‘നിങ്ങൾ വീട്ടിൽ 13 ദിവസം ഖുത്ബിയ്യത്ത് ചൊല്ലണം. ഫലമുണ്ടാവും.’ മുദരിസ് നിർദ്ദേശിച്ചു. മുതലാളി ഖുത്ബിയ്യത്ത് തുടങ്ങി. അതിനിടെ, വിവരമറിഞ്ഞ ചിലർ പരിഹസിച്ചുചിരിച്ചു. ‘മുസ്‌ലിയാർ ആനയെ ഏട്ടിൽ തിരയുന്നു’ എന്ന് കളിയാക്കി. അതൊന്നും ശ്രദ്ധിക്കാതെ മുതലാളി ഖുത്ബിയ്യത്ത് തുടർന്നു; പതിമൂന്നാം ദിവസമതാ, ആന മുതലാളിയുടെ വീട്ടുപടിക്കൽ!

വണ്ടൂർ പള്ളിയിൽ ദർസ് നടത്തിയ ഈ പണ്ഡിതൻ ആരാണെന്നറിയുമോ? കൈപ്പറ്റ കരിമ്പനക്കൽ മമ്മൂട്ടി മുസ്‌ലിയാർ. ക്രിസ്തുവർഷം 1887 ലാണ് (ഹിജ്റ 1304) മമ്മൂട്ടി മുസ്‌ലിയാർ ജനിച്ചത്. കൈപ്പറ്റയിലാണ് ജനനം. നാട്ടിലെ പ്രാഥമിക പഠനത്തിനുശേഷം

പൊന്നാനി വലിയ ജുമു അത്ത് പള്ളിയിലെ ദർസിൽ ചേർന്നു. മഖ്ദൂം കുഞ്ഞൻ ബാവ മുസ്‌ലിയാരാണ് ഉസ്താദ്. ശിഷ്യന്റെ കഴിവുകൾ തിരിച്ചറിഞ്ഞ ഉസ്താദ് നല്ല ശിക്ഷണം നൽകി വളർത്തി. അക്കാലത്തൊരിക്കൽ തിരൂരങ്ങാടിയിൽ നിന്ന് ഏതാനും പേർ നാട്ടിൽ വഅള് പറയാൻ ഒരാളെ തേടിവന്നു. വലിയ പണ്ഡിതന്മാർ പലരും ദർസിലുണ്ടെങ്കിലും ഉസ്താദ് വിളിച്ചത് കൈപ്പറ്റക്കാരനായ ശിഷ്യനെയാണ്. 'നീ തിരൂരങ്ങാടിയിൽ പോയി വഅള് പറയണം' എന്ന് മമ്മൂട്ടി മുസ്‌ലിയാരോട് കൽപ്പിച്ചു.

'ഞാനോ? എനിക്കതിന് കഴിയുമോ?' ശിഷ്യൻ അമ്പരപ്പോടെ പരുങ്ങിനിന്നു. അപ്പോൾ ഉസ്താദ് പറഞ്ഞു: 'അതേ, നീ തന്നെ. നിനക്കതിനു കഴിയും. നീയാണ് വാഇള്. (പ്രഭാഷകൻ)' ഉസ്താദിന്റെ ആശീർവാദത്തോടെ അന്നു തുടങ്ങിയതാണ് മമ്മൂട്ടി മുസ്‌ലിയാരുടെ വഅ്ളുകൾ. 30–40 ദിവസങ്ങൾ വരെ നീണ്ടുനിൽക്കുന്ന പ്രഭാഷണ പരമ്പര തന്നെ നടത്തിയിരുന്നു മമ്മൂട്ടി മുസ്‌ലിയാർ. അതും സദസ്സിനെ കൈയിലെടുത്തുകൊണ്ടുള്ള പ്രഭാഷണം. പാതിര വരെ തുടരുന്ന പ്രഭാഷണത്തിനൊ



ടുവിൽ അദ്ദേഹം പറയുമായിരുന്നത്രെ: 'വിളക്കിൽ എണ്ണ വറ്റീ, ജനങ്ങൾക്ക് ഉറക്കം പറ്റീ, ഞാനെന്റെ വങ്ങളും മാറ്റീ.'

1920 ലാണ് ഉസ്താദ് വെല്ലൂർ ബാഖിയാത്തിൽ നിന്ന് ബിരുദം നേടി മുദരിസായത്. ക്ലാരി, പറപ്പൂർ, മറ്റത്തൂർ, വണ്ടൂർ, പൊന്മുണ്ടം എന്നിവിടങ്ങളിൽ ദർസ് നടത്തിയിട്ടുണ്ട്. മഹാപണ്ഡിതനായിരുന്ന അദ്ദേഹം കോഴിക്കോട് ചക്കുംകടവ്, പന്നിയങ്കര, കപ്പക്കൽ, മീഞ്ചന്ത, നടുവട്ടം, ബേപ്പൂർ, കോട്ടുമ്മൽ, ചെറുവണ്ണൂർ എന്നിവിടങ്ങളിൽ ഖാളിയായിരുന്നു. ആരുടെ മുമ്പിലും സത്യം തുറന്നുപറയാൻ മടിക്കാത്ത പണ്ഡിതനായിരുന്നു അദ്ദേഹം. പ്രമാണിമാരുടെ ധിക്കാരങ്ങളൊന്നും അദ്ദേഹം വകവെച്ചിരുന്നില്ല. വഹാബികൾക്കെതിരെ സന്ധിയില്ലാ സമരത്തിനിറങ്ങിയ അദ്ദേഹം പ്രഭാഷണങ്ങളിൽ അവരുടെ തെറ്റായ രീതികൾ തുറന്നുകാട്ടി. സുന്നിപള്ളികൾ പിടിച്ചെടുത്ത വഹാബികൾക്കെതിരെ കേസ് നടത്തി അവരെ കോടതി കയറ്റി. വളരെക്കാലം സമസ്ത കേരള ജംഇയ്യത്തുൽ ഉലമ കേന്ദ്ര മുശാവറ അംഗമായിരുന്നു. കൈപ്പറ്റ ബീരാൻകുട്ടി മുസ്ലിയാർ, കരിങ്കപ്പാറ മുഹമ്മദ് മുസ്ലിയാർ, ഒ.കെ സൈനുദ്ദീൻ മുസ്ലിയാർ, വെളിമുക്ക് അവറാൻ മുസ്ലിയാർ തുടങ്ങിയ മഹാപണ്ഡിതന്മാർ മമ്മൂട്ടി മുസ്ലിയാരുടെ ശിഷ്യന്മാരാണ്.

നല്ല എഴുത്തുകാരനും ഗ്രന്ഥകർത്താവുമാണദ്ദേഹം. അറബ് പണ്ഡിതന്മാർ പോലും അദ്ദേഹത്തിന്റെ കഴിവുകൾ അംഗീകരിച്ചിരുന്നു. മുർശിദ് എന്ന ഗ്രന്ഥത്തിന് അദ്ദേഹം ഹാശിയ എഴുതിയപ്പോൾ അതിന്റെ അവതാരികയെഴുതിയത് മക്കയിലെ പ്രമുഖ പണ്ഡിതനായ സയ്യിദ് അലവി മാലികി, സയ്യിദ് അമീൻ ഖുതുബി എന്നിവരാണ്. മമ്മൂട്ടി മുസ്ലിയാർ മരണമടഞ്ഞ വാർത്തയറിഞ്ഞ് സയ്യിദ് അമീൻ ഖുതുബി അനുശോചനകാവ്യം എഴുതി അയച്ചിരുന്നു.

ഹിജ്റ 1369 ശവ്വാൽ 14ന് (1950 ജൂലൈ 30) ആ മഹാപണ്ഡിതൻ ഈ ലോകത്തോട് വിടപറഞ്ഞു. കൈപ്പറ്റ തെക്കേ പള്ളി ഖബർസ്ഥാനിൽ അന്ത്യവിശ്രമം കൊള്ളുന്നു.

മുർതള സിടി കുമരംപുത്തൂർ

# സമർഖന്ധിലെ അത്ഭുതം

മധ്യേഷ്യയിലെ മനോഹരമായ പട്ടണമായിരുന്നു സമർഖന്ദ്. കൃഷിയിടങ്ങളും പച്ചക്കുന്നുകളും നിറഞ്ഞ ആ പ്രദേശം മുസ്‌ലിംകളുടെ കീഴിൽ വന്നു. ഖുതൈബ തുബ്നു മുസ്‌ലിം എന്ന സൈന്യാധിപന്റെ നേതൃത്വത്തിലായിരുന്നു ആ വിജയം.

ഉമറുബ്നു അബ്ദിൽഅസീസ്(റ) ആണ് അന്ന് ഇസ്‌ലാമിക ലോകത്തിന്റെ ഖലീഫ.

സമർഖന്ദിലെ പുരോഹിതന്മാർ മദീനയിലെത്തി ഖലീഫയെ കണ്ട് ഒരു പരാതി ഉന്നയിച്ചു:

'അമീറുൽമുഅ്മിനീൻ, അങ്ങയുടെ സൈന്യം ഞങ്ങളോട് അനീതി കാണിച്ചിരിക്കുന്നു. ഇസ്‌ലാമിക നിയമപ്രകാരം ഒരു പട്ടണം കീഴടക്കുന്നതിനു മുമ്പ് പട്ടണവാസികൾക്ക് മുന്നറിയിപ്പ് നൽകണമെന്നാണല്ലോ. ഒന്നുകിൽ ചർച്ചക്ക് വിളിക്കണം, അല്ലെങ്കിൽ യുദ്ധം പ്രഖ്യാപിക്കണം. ഇതൊന്നുമില്ലാതെ പെട്ടെന്നൊരു രാത്രിയിൽ വന്ന് ഞങ്ങളെ കീഴടക്കിയത് ചതിയായിപ്പോയി.'

ഖലീഫ വൈകാതെ ഗവർണർക്ക് ഒരു കത്തെഴുതി: 'ഉടൻ ഒരു ന്യായാധിപനെ നിശ്ചയിച്ച് ഈ പരാതിയിൽ വിധി പറയുക.'

ഖലീഫയുടെ കത്തുമായി അവർ സമർഖന്ദിൽ തിരിച്ചെത്തി. ഗവർണർ ജുമൈഅ് എന്ന ന്യായാധിപനെ കേസ് വിചാരണയ്ക്കു നിയമിച്ചു. പൊതുജന മധ്യത്തിൽ കോടതി കൂടി. ഒരു വശത്ത് സാധാരണക്കാരായ പുരോഹിതന്മാരും മറുവശത്ത് സൈന്യാധിപൻ ഖുതൈബയും നിലയുറപ്പിച്ചു.

ഖാളി ചോദിച്ചു: 'ഖുതൈബാ, ഇവർ പറയുന്നത് സത്യമാണോ? മുന്ന

റിയിപ്പൊന്നും നൽകാതെയാണോ നിങ്ങൾ നഗരം പിടിച്ചടക്കിയത്?'

ഖുതൈബ മറുപടി നൽകി: 'അതേ, ബഹുമാനപ്പെട്ടവരേ, അത് ഞങ്ങളുടെ യുദ്ധതന്ത്രമായിരുന്നു. വലിയ രക്തച്ചൊരിച്ചിൽ ഒഴിവാക്കാനാണ് അങ്ങനെ ചെയ്തത്.'

ഖാളി ഗൗരവത്തിൽ പറഞ്ഞു: 'യുദ്ധതന്ത്രത്തെക്കാൾ വലുതാണ് നീതിയെന്നറിയില്ലേ? സൈന്യം നിയമം ലംഘിച്ചിരിക്കുന്നു. അതുകൊണ്ട്, മുസ്‌ലിം സൈന്യം ഉടൻ സമർഖന്ദ് പട്ടണത്തിൽ നിന്ന് പിന്മാറണം! നഗരത്തിന്റെ അധികാരം നഗരവാസികൾക്ക് തന്നെ തിരിച്ചുനൽകണം. ശേഷം വേണമെങ്കിൽ നിയമപ്രകാരം മുന്നറിയിപ്പു നൽകി വീണ്ടും യുദ്ധം ചെയ്ത് പട്ടണം കീഴടക്കാം.'

കോടതി വീക്ഷിച്ചവർ അമ്പരന്നുപോയി. ലോകചരിത്രത്തിൽ ഒരിടത്തും കേട്ടുകേൾവിയില്ലാത്ത ഒരു വിധിയാണല്ലോ ഇത്! അധികാരം കൈയിലുള്ള സൈന്യത്തോട് നഗരം ഒഴിഞ്ഞുപോവാൻ അവരുടെ ന്യായാധിപൻ ഉത്തരവിട്ടിരിക്കുന്നു.

വിധികേട്ടതും, സൈന്യാധിപൻ ഖുതൈബയും അദ്ദേഹത്തിന്റെ ആയിരക്കണക്കിന് സൈനികരും ആയുധങ്ങളുമായി നഗരത്തിനു പുറത്തേക്ക് നീങ്ങി.

ഈ കാഴ്ച കണ്ട് സമർഖന്ദിലെ ജനങ്ങൾ സ്തംഭിച്ചുനിന്നുപോയി. ഭരണം കൈയിലുണ്ടായിട്ടും, ആൾബലവും ആയുധബലവുമുണ്ടായിട്ടും കോടതിവിധി മാനിച്ച് പടിയിറങ്ങിപ്പോകുന്ന പട്ടാളക്കാർ എത്രമേൽ നീതിയുള്ളവരായിരിക്കും! അവരുടെ മതം എത്ര പരിശുദ്ധമായിരിക്കും!

അതുകണ്ട പുരോഹിതന്മാരും നാട്ടുകാരും ഒരുമിച്ച് സൈന്യാധിപന്റെ അടുത്തെത്തി പറഞ്ഞു: 'നിങ്ങൾ പോകരുത്. നിങ്ങളുടെ ഭരണത്തണലിൽ ജീവിക്കാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. സത്യസന്ധതക്ക് ഇത്രമേൽ പ്രാധാന്യം നൽകുന്ന മറ്റൊരു ജനവിഭാഗത്തെയും ഞങ്ങൾ കണ്ടിട്ടില്ല.'

അങ്ങനെ മുസ്‌ലിം സൈന്യം സമർഖന്ദ് ജനതയുടെ ഹൃദയം കീഴടക്കി.

സലാം തിരുമല

# കേക്കും കണക്കും

**കൈ**യിലൊരു കേക്കിന്റെ പെട്ടിയുമായാണ് മാഷ് ക്ലാസ്സിലെത്തിയത്. അതു കണ്ടപ്പോൾ കുട്ടികൾക്കെല്ലാം സന്തോഷമായി. എന്നാൽ, കേക്കിന്റെ പിന്നിലുള്ള രഹസ്യം അവർക്കാർക്കും പിടികിട്ടിയില്ല.

'മാഷേ, ഇന്ന് മാഷിന്റെ ബർത്ത് ഡേയാണോ?' പിൻബെഞ്ചിൽ നിന്ന് അപ്പു ഉറക്കെ വിളിച്ചുചോദിച്ചു.

അതുകേട്ട് മറ്റു കുട്ടികളും ആവേശത്തിലായി. എല്ലാവരോടും ബെഞ്ചിലിരിക്കാൻ ആംഗ്യം കാണിച്ചുകൊണ്ട് മാഷ് തുടർന്നു:

'അല്ല മക്കളേ, ഇന്ന് നമുക്കൊരു പുതിയ കാര്യം പഠിക്കാനുണ്ട്.'

'എങ്ങനെ കേക്ക് മുറിക്കണമെന്നു പഠിക്കാനാണോ മാഷേ?' വിനു ചോദിച്ചു

'അതേ. നമുക്കീ കേക്ക് എങ്ങനെ തുല്യമായി ഭാഗിക്കാമെന്നു നോക്കിയാലോ?' മാഷ് ചോദിച്ചു.

'എല്ലാവർക്കും കിട്ടൂലേ മാഷേ?' അരുണിമ ആശങ്ക പങ്കുവെച്ചു.

'കിട്ടും കിട്ടും, എല്ലാവർക്കും കിട്ടും' എന്നു പറഞ്ഞ് മാഷ് കത്തിയെടുത്ത് കേക്ക് കൃത്യം നടുകെ മുറിച്ചു. അതിൽ ഒരു ഭാഗം ഉയർത്തിക്കാട്ടി ചോദിച്ചു: 'ഇതിനെ നാം എന്തു വിളിക്കും?'

'പകുതി! പകുതി.' കുട്ടികൾ ഒന്നടങ്കം വിളിച്ചുപറഞ്ഞു.

'ശരി. ഗണിതത്തിൽ ഇതിനെ 1/2 എന്നാണ് എഴുതുക. അതായത്, രണ്ടു ഭാഗങ്ങളിൽ ഒന്ന്.' മാഷ് ബോർഡിലെഴുതി.

പിന്നെ, മാഷ് ആ രണ്ടുഭാഗങ്ങളെ വീണ്ടും നടുകെ മുറിച്ച് നാലു കഷ്ണങ്ങളാക്കി. അതിൽ നിന്ന് ഒരു കഷ്ണമെടുത്ത് ചോദിച്ചു: 'ഇപ്പോൾ ഈ കഷ്ണം കേക്കിന്റെ എത്ര ഭാഗമാണെന്നു പറയാമോ?'

കുറച്ചുനേരം ആലോചിച്ച ശേ



ഷം മീനു പറഞ്ഞു: 'നാലു കഷ്ണങ്ങളിൽ ഒന്നായതുകൊണ്ട് ഇത് നാലിലൊന്നാകും അല്ലേ മാഷേ?'

'മിടുക്കി!' മീനുവിനെ അഭിനന്ദിച്ചുകൊണ്ട് മാഷ് തുടർന്നു: 'ഈ സംഖ്യകളുടെ പേരാണ് ഭിന്നസംഖ്യകൾ.'

'മാഷേ, ഇതിൽ രണ്ടു സംഖ്യകളുണ്ടല്ലോ?' ജവാദിനു സംശയം.

'ങ്ഹാ! വരയുടെ മുകളിൽ എഴുതുന്ന സംഖ്യയെ അംശം എന്നും താഴെ എഴുതുന്ന സംഖ്യയെ ഛേദം എന്നുമാണ് വിളിക്കുക. കേക്കിനെ എത്ര തുല്യഭാഗങ്ങളാക്കുന്നുവോ അതാണ് 'ഛേദം.' അതിൽ നിന്ന് നാം എടുക്കുന്നതാണ് 'അംശം.'

'അപ്പോൾ മാഷേ, ഒരു മിഠായി




കഷ്ണങ്ങളാക്കി മൂന്നുപേർക്ക് വീതിച്ചാൽ അത് 1/3 ആകുമോ?' അപ്പുവാണ് ചോദിച്ചത്.

'അതേ അപ്പൂ, തുല്യമായ മൂന്നു ഭാഗങ്ങളാക്കി മുറിച്ചാൽ ഓരോ ഭാഗവും 1/3 തന്നെ! അവിടെ മൂന്ന് ഛേദവും ഒന്ന് അംശവുമാണ്.' മാഷ് ചിരിച്ചുകൊണ്ട് പറഞ്ഞു.

'അപ്പോൾ ആ മൂന്ന് ഭാഗങ്ങളും എടുത്താലോ മാഷേ?' മീനു ചോദിച്ചു.

'ഹഹ! നല്ല ചോദ്യം. മൂന്ന് ഭാഗങ്ങളിൽ മൂന്നുമെടുത്താൽ അത് 3/3 ആകും. അതായത് ഒരു മുഴുവൻ മിഠായി തന്നെ!' മാഷ് ബോർഡിൽ എഴുതിക്കാണിച്ചു.

'അപ്പോൾ ഭിന്നസംഖ്യകൾ എല്ലാവർക്കും മനസ്സിലായല്ലോ, ഇനി നമുക്ക് കേക്ക് എല്ലാവർക്കുമായി പങ്കുവെച്ചാലോ?'

'മാഷ് ഉൾപ്പെടെ ആകെ പതിനെട്ടു പേരാണല്ലോ നമ്മൾ. അപ്പോൾ ഓരോരുത്തർക്കും 1/18 കേക്ക് കിട്ടും. അല്ലേ മാഷേ?' ഖാസിം ചോദിച്ചു.

'വെരിഗുഡ്! ഖാസിം തന്നെ കേക്ക് എല്ലാവർക്കും വിതരണം ചെയ്താട്ടെ!'

ഖാസിം എല്ലാവർക്കും കേക്ക് വീതിച്ചുനൽകി.

'നാളെയും ഭിന്നസംഖ്യയുടെ പാഠം തന്നെ മതി മാഷേ!' അരുണിന്റെ കമന്റ് എല്ലാവരുടെയും ചുണ്ടിൽ ചിരി പടർത്തി.

അജി മേലേടത്ത്

# മനക്കരുത്തിന്റെ രഹസ്യം

പണ്ടുപണ്ട് പേർഷ്യയിലെ ഭരണാധികാരിയായിരുന്നു സുൽത്താൻ മുഹമ്മദ് ഇബ്റാഹീം. അദ്ദേഹത്തിന്റെ മകൻ മൻസൂർ വലിയ ബുദ്ധിമാനും ധീരനുമായിരുന്നു. ബാഗ്ദാദിലും മിസ്റിലുമുള്ള പ്രശസ്തമായ സർവ്വകലാശാലകളിൽ പോയി മൻസൂർ സകലവിദ്യകളും ആയോധനകലകളും പഠിച്ചെടുത്തു. വർഷങ്ങൾക്ക് ശേഷം മൻസൂർ കൊട്ടാരത്തിൽ തിരിച്ചെത്തി. തന്റെ അറിവിനെക്കുറിച്ച് രാജകുമാരന് ചെറിയൊരു അഹങ്കാരമുണ്ടായിരുന്നു.

ഒരു ദിവസം സുൽത്താന്റെ സദസ്സിൽ വച്ച് മൻസൂർ ഇങ്ങനെ പ്രഖ്യാപിച്ചു: 'ലോകത്തിലെ സകലവിദ്യകളും ഞാൻ പഠിച്ചുകഴിഞ്ഞു. എനിക്കറിയാത്ത ഏതെങ്കിലും ഒരു വിദ്യയുണ്ടെന്ന് തെളിയിക്കുന്നവർക്ക് നൂറ് സ്വർണ്ണനാണയങ്ങൾ ഞാൻ സമ്മാനമായി നൽകുന്നതാണ്!'

സദസ്സിലിരിക്കുന്ന പണ്ഡിതന്മാർ പരസ്പരം നോക്കി. രാജകുമാരന്റെ അമിതമായ ആത്മവിശ്വാസം കണ്ട് അവർ മൗനം പാലിച്ചു. അപ്പോഴാണ് സുൽത്താന്റെ ആത്മമിത്രവും ജ്ഞാനിയുമായ മുറാദ് അബ്ദുല്ല സദസ്സിലേക്ക് കടന്നുവന്നത്. മൻസൂറിനെ ശാന്തനായൊന്നു നോക്കി അദ്ദേഹം പറഞ്ഞു:

'മൻസൂർ, എനിക്ക് ഒരേയൊരു വിദ്യ മാത്രമേ അറിയൂ. പക്ഷേ, നിനക്കാ വിദ്യ വശമില്ലെന്ന് എനിക്കുറപ്പുണ്ട്.'

തന്റെ അറിവിനെ ചോദ്യം ചെയ്ത മുറാദ് അബ്ദുല്ലയോട് മൻസൂറിന് ദേഷ്യം തോന്നി.

'എങ്കിൽ അത് ഏത് വിദ്യയാണെന്ന് കാണിച്ചു തരൂ.' അവൻ ഗർവ്വോടെ പറഞ്ഞു.

പെട്ടെന്ന് മുറാദ് അബ്ദുല്ല മൻസൂറിനു നേരെ വിരൽ ചൂണ്ടി ഉറക്കെ ചിരിച്ചുകൊണ്ട് പറഞ്ഞു:

'ഹ ഹ! ഇതാ ലോകത്തിലെ ഏറ്റവും വലിയ വിഡ്ഢി! ഒന്നുമറിയാത്തവൻ!'





ജനങ്ങൾ തിങ്ങിനിറഞ്ഞ സദസ്സിൽ വെച്ചുള്ള ഈ പരിഹാസം കേട്ട മൻസൂറിന് കലി തുള്ളി. അവന്റെ കണ്ണുകൾ ചുവന്നു. അരയിൽ നിന്ന് വാളൂരി മുറാദ് അബ്ദുല്ലയെ വെട്ടാനാഞ്ഞു.


എന്നാൽ, അപ്പോഴെല്ലാം മുറാദ് അബ്ദുല്ല ഒരു പേടിയുമില്ലാതെ, ശാന്തനായി പുഞ്ചിരിച്ചുകൊണ്ട് നിൽക്കുകയായിരുന്നു.


മുറാദിന്റെ മുഖത്തെ ശാന്തത കണ്ടപ്പോൾ മൻസൂർ അറിയാതെ വാൾ താഴ്ത്തിപ്പോയി.

അപ്പോൾ മുറാദ് അബ്ദുല്ല പുഞ്ചിരിയോടെ മൻസൂറിനോട് പറഞ്ഞു: ‘മൻസൂർ, നിസ്സാരമായ ഒരു പരിഹാസം കേട്ടപ്പോഴേക്കും നിനയ്ക്കു നിയന്ത്രണം നഷ്ടമായി. നിന്റെ കോപം നിന്നെ വിഡ്ഢിയാക്കി. എന്നാൽ, നിന്റെ വാൾത്തുമ്പ് കഴുത്തിനരികിലെത്തിയിട്ടും എന്റെ മനസ്സ് ഒരിഞ്ചു പോലും ഉലഞ്ഞില്ല. എപ്പോഴും സ്വന്തം മനസ്സിനെ ശാന്തമാക്കി നിർത്തുന്ന വിദ്യയാണ് എനിക്കറിയാവുന്നത്. സകല കലകളും പഠിച്ച നിനക്ക് നിന്റെ മനസ്സിനെ നിയന്ത്രിക്കാനറിയില്ലെന്ന് തെളിഞ്ഞിരിക്കുന്നു.’


മുറാദ് അബ്ദുല്ലയുടെ വാക്കുകൾ മൻസൂറിന്റെ കണ്ണ് തുറപ്പിച്ചു. വിദ്യകൾ അഭ്യസിക്കുന്നത് മറ്റുള്ളവരെ തോൽപ്പിക്കാനല്ല, മറിച്ച് സ്വയം നിയന്ത്രിക്കാനാണെന്ന് അവൻ മനസ്സിലാക്കി. മൻസൂർ മുറാദ് അബ്ദുല്ലയോട് ക്ഷമ ചോദിച്ചു.


# പട്ടണത്തിലെ എലിയും ഗ്രാമത്തിലെ എലിയും





കിടന്നുറങ്ങാൻ നല്ല ഒന്നാന്തരം മെത്തയും മാളികയുമെല്ലാം ഉണ്ട്.
അതിനെന്താ, വരാമല്ലോ. എനിക്ക് സന്തോഷമേയുള്ളൂ.
ഇരുവരും പട്ടണത്തിലേക്ക് യാത്ര തിരിച്ചു.
വീടെത്താൻ ഇനി എത്ര ദൂരം കാണും?
അഞ്ചു നാഴിക കൂടി നടക്കണം.
ഹൗ! നിറയെ വാഹനങ്ങളും മനുഷ്യരും. എന്തൊരു തിരക്ക്! ശ്വാസം മുട്ടുന്ന പോലെ!
ദാ, ആ കാണുന്ന കെട്ടിടത്തിലാണ് വീട്.
ഹോ! എന്തൊരു വലുപ്പം!


പട്ടണത്തിലെ എലിയുടെ മാളികയിൽ,
ഹോ! ഇതൊരു കൊട്ടാരം തന്നെ!
ഇനി ഇവിടെ കഴിയാം. അപ്പുറത്ത് ഇഷ്ടം പോലെ ആഹാരമുണ്ട്. വരൂ.
എങ്ങനെയുണ്ട് സൽക്കാരം?
ഗംഭീരം തന്നെ സുഹൃത്തേ.
പെട്ടെന്ന്,
മ്യാവൂ...
ഹയ്യോ, ഓടിക്കോ!
രക്ഷിക്കണേ...




ഇരുവരും ഒരു മാളത്തിൽ ഒളിച്ചു.
സുഹൃത്തേ, ഞാനിപ്പോൾ ആ പൂച്ചയുടെ വായിൽ അകപ്പെട്ടേനെ.
ഭാഗ്യംകൊണ്ട് രക്ഷപ്പെട്ടു.
ഹേയ്! പേടിക്കാനൊന്നുമില്ല. നമ്മെ അവന് പിടിക്കാൻ കഴിയില്ല.
വേണ്ട സുഹൃത്തേ. എനിക്കിവിടെ കഴിയാനാവില്ല.
എന്തുപറ്റി ചങ്ങാതീ?
ചങ്ങാതീ, നിന്റെ മാളികയും സൽക്കാരവുമെല്ലാം കേമം തന്നെ. എന്നാൽ, അതിനൊപ്പം അപകടവും പതിയിരിക്കുന്നുണ്ട്.
ഞാൻ ഗ്രാമത്തിലെ മാളത്തിൽ ധാന്യമണികൾ കഴിച്ച് സമാധാനത്തോടെ ജീവിച്ചോളാം.



സ്വാതന്ത്ര്യസമരത്തിലെ
മുസ്‌ലിം സേനാനികൾ

# ഹസ്രത്ത് മൊഹാനി



**1875** ജനുവരി ഒന്നിന് ഉത്തർപ്രദേശിലെ മൊഹാൻ ഗ്രാമത്തിലാണ് സയ്യിദ് ഫസലുൽഹസൻ ജനിച്ചത്. പ്രഗത്ഭ ഉറുദുകവിയും പത്രപ്രവർത്തകനുമായി ത്തീർന്ന അദ്ദേഹം പിന്നീട് ഹസ്രത്ത് മൊഹാനി എന്ന റിയപ്പെട്ടു. 'ഹസ്രത്ത്' തൂലികാനാമവും 'മൊഹാനി' ജന്മദേശനാമവുമാണ്. ഇന്ത്യക്ക് സ്വാതന്ത്ര്യം നേടിക്കൊടുക്കുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് നിസ്തുലമാണ്. സയ്യിദ് അസ്ഹർ ഹസൻ, ഷഹർ ബാനു എന്നിവരാണ് മാതാപിതാക്കൾ. സ്വാതന്ത്ര്യസമരത്തിൽ ഏറെ ആവേശം പകർന്ന 'ഇൻ കിലാബ് സിന്ദാബാദ്' എന്ന പ്രസിദ്ധമായ മുദ്രാവാക്യം അദ്ദേഹത്തിന്റെ സംഭാവനയാണ്. മഹാത്മാഗാന്ധിയുടെ ആത്മസുഹൃത്തായിരുന്ന മൊഹാനി നിരവധി തവണ ജയിലിൽ കിടന്നിട്ടുണ്ട്.

അലിഗഡ് സർവ്വകലാശാലയിൽ പഠിക്കുന്ന കാലത്ത് കൂട്ടുകാരായിരുന്ന അലി സഹോദരന്മാരാണ് മൊഹാനിക്ക് സമരക്കളത്തിലിറങ്ങാൻ ആവേശം നൽകിയത്. പഠനകാലത്തു തന്നെ എഴുത്തിലും

പത്രപ്രവർത്തനത്തിലും താത്പര്യം കാണിച്ച മൊഹാനി കോളേജിലെ മാസികയായിരുന്ന 'ഉർദു-ഇ-മുഅല്ല'യുടെ എഡിറ്ററായി. പിന്നീട് 'മുസ്തഖിൽ' എന്ന ഉറുദു പത്രവും ആരംഭിച്ചു. ബ്രിട്ടീഷുകാർക്കെതിരെ മൊഹാനി തന്റെ തൂലിക ഉപയോഗിച്ച് ശക്തമായി പ്രതികരിച്ചു.
1903 ൽ കോൺഗ്രസിൽ അംഗമായാണ് അദ്ദേഹം തന്റെ രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ചത്. പിന്നീട് മുസ്‌ലിംലീഗിലും സജീവമായി പ്രവർത്തിച്ചു. 1921ൽ, മൊഹാനി സ്വാമികുമാരാനന്ദിനൊപ്പം കോൺഗ്രസ്പാർട്ടിയുടെ വാർഷിക സമ്മേളനത്തിൽ സമ്പൂർണ്ണ സ്വാതന്ത്ര്യത്തിനായി ഒരു പ്രമേയം അവതരിപ്പിച്ചു. ഇതാണ് പിന്നീട് 1930 ലെ പൂർണസ്വരാജ് പ്രഖ്യാപനത്തിന് അടിത്തറയായത്. കോൺഗ്രസ് നേതാവായിരുന്ന റാം പ്രസാദ് ബിസ്മിലിനൊപ്പം മൊഹാനികൂടി ചേർന്നതോടെ സമരത്തിന് പുതിയ ആവേശം കൈവന്നു.

1921 ലെ മുസ്‌ലിംലീഗ് വാർഷിക സമ്മേളനത്തിൽ അധ്യക്ഷൻ ഹസ്രത്ത് മൊഹാനിയായിരുന്നു. പിന്നീടദ്ദേഹം കമ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്ന് പ്രവർത്തിച്ചു. ഇതിനിടെ അദ്ദേഹത്തിന്റെ പത്രം ബ്രിട്ടീഷുകാർ നിരോധിക്കുകയും മൊഹാനിയെ ജയിലിലടക്കുകയും ചെയ്തു. ജയിലിലും മൊഹാനി തന്റെ എഴുത്തു തുടർന്നു. മുഹമ്മദലി ജിന്നയുടെ 'ദ്വിരാഷ്ട്ര സിദ്ധാന്തം' എന്ന ആശയത്തെ അദ്ദേഹം ശക്തമായി എതിർത്തു. ഡോ. ബി ആർ അംബേദ്കറുടെ അധ്യക്ഷതയിലുള്ള ഭരണഘടനാ അസംബ്ലിയിലും മൊഹാനി അംഗമായിരുന്നു. ഭരണഘടനയിലെ പാശ്ചാത്യസ്വാധീനത്തെ അദ്ദേഹം ശക്തമായി വിമർശിച്ചു. 'ചുപ്കേ ചുപ്കേ രാത് ദിൻ' എന്ന ജനകീയ ഉറുദു ഗസൽ മൊഹാനിയുടെ രചനയാണ്. സാഹിത്യകാരനും വിപ്ലവപ്പോരാളിയുമായിരുന്ന മൊഹാനി 1951 മെയ് 13ന് അന്തരിച്ചു.




ഖദീജ കാത്തിരിക്കുകയായിരുന്നു; അന്ത്യപ്രവാചകന്റെ നിയോഗത്തിനായി. അതെപ്പോൾ സംഭവിക്കുമെന്നറിയില്ല. മുൻകാല പ്രവാചകന്മാർക്കെല്ലാം നാൽപ്പതാം വയസ്സിലാണ് പ്രവാചകത്വം ലഭിച്ചത്. പ്രിയതമനുമിപ്പോൾ നാൽപ്പതായിട്ടുണ്ട്. ഖദീജ പ്രിയതമനിലുണ്ടാവുന്ന മാറ്റങ്ങൾ കൃത്യമായി നിരീക്ഷിക്കുന്നുണ്ട്. അൽഅമീനാവട്ടെ, എല്ലാ കാര്യങ്ങളും ഖദീജയുമായി പങ്കുവെക്കുകയും

# ഹിറാ ഗുഹയിലെ വെളിപാട്

ചെയ്യും. അഭിപ്രായങ്ങൾ ചോദിക്കും. ബുദ്ധിമതിയായ ഖദീജയുടെ അഭിപ്രായങ്ങളെല്ലാം വളരെ കൃത്യമായിരുന്നു. പ്രിയതമന് എപ്പോഴും സമാധാനവും സന്തോഷവുമുണ്ടാകാൻ അവർ പരമാവധി ശ്രമിച്ചു. പ്രയാസങ്ങളുണ്ടാവാതിരിക്കാൻ ശ്രദ്ധിച്ചു.

ചിലപ്പോഴൊക്കെ ഒറ്റയ്ക്കിരിക്കാൻ അൽഅമീൻ ആഗ്രഹിച്ചിരുന്നു. പ്രിയതമന് ഒറ്റയ്ക്കിരിക്കാൻ തോന്നുമ്പോൾ ഖദീജ ശല്യപ്പെടുത്തില്ല. പ്രിയതമന്റെ ഇഷ്ടങ്ങളാണല്ലോ ഖദീജയുടെ ഇഷ്ടം.

ചില സമയത്ത് ഹിറാഗുഹയിൽ പോയിരിക്കും. മലമുകളിലാണ് ഗുഹ. അവിടെയെത്തിച്ചേരാൻ ഒത്തിരി പ്രയാസമാണ്. എന്നാൽ, എത്തിക്കഴിഞ്ഞാലോ, ശാന്തമായി അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കാം. ആരാധനകളിൽ മുഴുകാം.

പ്രിയതമനില്ലാതെ വീട്ടിലിരിക്കാൻ ഖദീജക്കൊ



ത്തിരി പ്രയാസം തന്നെയാണ്. അത്രക്ക് സ്നേഹമാണല്ലോ അവർ തമ്മിൽ. എന്നാലും, പ്രിയതമന് അവർ പൂർണ്ണസ്വാതന്ത്ര്യം നൽകി. പോക്കുവരവുകളെക്കുറിച്ച് ചോദിച്ചതേയില്ല.

നിയോഗസമയം അടുത്തിട്ടുണ്ടെന്ന് ഖദീജക്ക് നന്നായറിയാം. ഇടയ്ക്ക് വറഖയെ പോയി കാണുന്നുണ്ട്. കാര്യങ്ങൾ പറയുന്നുണ്ട്. വറഖയുടെ ഉറച്ച നിലപാടുകൾ ഖദീജക്ക് ധൈര്യം പകർന്നു. ഹിറാഗുഹയിലേക്ക് പോയ പ്രിയതമന് ചിലപ്പോൾ ഭക്ഷണവുമായി ഖദീജ മലകയറിയെത്തും. വീട്ടിൽ നിന്ന് നാലു മൈൽ ദൂരമുണ്ട് മലമുകളിലേക്ക്. കാൽനടയായി വേണം പോകാൻ. ചിലപ്പോൾ ഭൃത്യന്മാർ സഹായിക്കും. ചിലപ്പോൾ ഖദീജ ഒറ്റയ്ക്കു പോകും. ഏകദേശം 866 മീറ്റർ ഉയരത്തിലാണ് ഗുഹ. കയറാൻ പടവുകളൊന്നുമില്ല. അൽഅമീനെക്കാൾ പതിനഞ്ച് വയസ്സ് കൂടുതലുണ്ടല്ലോ അവർക്ക്. പത്തോളം കുഞ്ഞുങ്ങളെ പ്രസവിച്ചതുമാണ്. പക്ഷേ, പ്രിയതമന് സേവനം ചെയ്യുമ്പോൾ ഖദീജയുടെ മനസ്സിന്റെ പ്രായം പ്രശ്നമായിരുന്നില്ല. പർവതമുകളിൽ കയറുന്നതോ പ്രിയതമനെ അന്വേഷിക്കുന്നതോ ഒരു പ്രയാസമായി തോന്നുകയേ

ഇല്ല.

ഹിറാഗുഹയിലെ ശാന്തത യിലിരുന്നു പലപ്പോഴും നേരം രാത്രിയായിപ്പോകും. അപ്പോൾ പ്രിയതമനെ തനിച്ചാക്കി തിരി ച്ചുവരാൻ മനസ്സില്ലാതെ ഖദീജ യും മലമുകളിലുറങ്ങും.

ഗുഹയിൽ പ്രിയതമനെ കണ്ടില്ലെങ്കിൽ അവിടെ മു ഴുവൻ അന്വേഷിക്കും. സുര ക്ഷിതനാണെന്ന് ഉറപ്പായാലേ തിരിച്ചുപോരൂ.

ഉമ്മയുടെ ലാളനയും സഹോദരിമാരുടെ കരുതലും അധികം ലഭിക്കാത്ത അൽഅ മീന് ലഭിച്ച നിധിയായിരുന്നു ഖദീജ. അവർ ഒരു ഉമ്മയുടെ ലാളനയും സഹോദരിയുടെ കരുതലും ഭാര്യയുടെ സ്നേ ഹവും അൽഅമീനു നൽകി. അന്ത്യപ്രവാചകനെ പരിപാ ലിക്കാൻ സ്രഷ്ടാവ് തന്നെയാ ണ് ഏൽപ്പിച്ചിരിക്കുന്നതെന്ന് ഖദീജക്ക് നന്നായറിയാം. പ്രിയതമന് ഒരു പോറലുമേൽ ക്കാതിരിക്കാൻ അവർ സദാ ശ്രദ്ധിച്ചിരുന്നു.

വയസ്സ് നാൽപ്പതായ പ്പോൾ ഖദീജ കൂടുതൽ ശ്രദ്ധയോടെയിരുന്നു. ഏതു നിമിഷവും പ്രിയതമൻ അന്ത്യ പ്രവാചകരുടെ പദവിയിലേക്ക് ഉയർന്നേക്കാം. ആ സമയത്തു തന്നെ പ്രവാചകരിൽ വിശ്വസി ച്ച് ആദ്യവിശ്വാസി എന്ന പദവി നേടണം. ഖദീജയുടെ ചിന്തക ളിൽ പ്രതീക്ഷ വിടർന്നു.

'ഖദീജാ, ഞാനിന്നലെ രാത്രി ഒരു സ്വപ്നം കണ്ടു.' അൽഅമീൻ ഖദീജയോട് താൻ കണ്ട സ്വപ്നം വിശ ദീകരിക്കും. ഖദീജ പൂർണ്ണ മനസ്സോടെ കേട്ടിരിക്കും. സ്വപ്നങ്ങൾ നല്ലതെങ്കിൽ സന്തോഷത്തിൽ പങ്കുചേരും. ഭയപ്പെടുത്തുന്ന വല്ലതുമുണ്ടെ ങ്കിൽ സമാധാനിപ്പിക്കും.

നേരം പുലരും വരെ അൽഅമീന് സ്വപ്നങ്ങൾ തുട രും. പിറ്റേന്ന് ഹിറാഗുഹയിൽ പോയി ഒറ്റയ്ക്കിരിക്കും. ആരോ തന്നെ വിളിക്കുന്നതു കേൾ ക്കും. ചുറ്റുമുള്ള കല്ലുകളും മരങ്ങളും സലാം പറയും. വീ ട്ടിലെത്തിയാൽ വിവരം ഖദീജ യോട് പങ്കുവെക്കും.

'ഖദീജാ, എന്നെ ആരൊ ക്കെയോ പിന്തുടരുന്നുണ്ട്. ഇടയ്ക്കിടെ പല ശബ്ദങ്ങളും കേൾക്കുന്നു. എന്റെ പേര് വി ളിക്കുന്നു. എനിക്കെന്തെങ്കിലും സംഭവിക്കുമോ?'


'ഏയ്, നിങ്ങൾക്ക് ഒന്നും സംഭവിക്കില്ല. ഒന്നും പേടി ക്കേണ്ട.'

മഹതി ഉള്ളാലെ അതീവ സന്തുഷ്ടയാകും. എല്ലാം പ്രവാ ചകത്വത്തിന്റെ അടയാളമാണെ ന്ന് മഹതിക്കറിയാമല്ലോ!


(തുടരും)



# ഹോജ



ഏയ്! ഹോജാ, വേഗം വരൂ. നിങ്ങളുടെ വീടിന് തീപിടിച്ചു.
ങേ? എവിടെ?

പടച്ചവനേ! എന്റെ വീട് നശിച്ചല്ലോ!
പിന്നീട്,
ഹഹ! ഹിഹി!
സ്വന്തം വീട് കത്തുന്നതുകണ്ട് ചിരിക്കുകയോ?
എന്റെ കിടക്കയിൽ ഉണ്ടായിരുന്ന കടിയൻ മൂട്ടകളെല്ലാം ഇപ്പോൾ ചത്തുപോയിക്കാണും! ഹിഹി!

## ക്വിസ് ആനുകാലികം പൊതുവിജ്ഞാനം

1. കേരള സർക്കാരിന്റെ വിവിധ സേവനങ്ങൾ ഒറ്റ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുന്ന പുതിയ അപ്ലിക്കേഷൻ?

2. 2026 ലെ നിശാഗന്ധി പുരസ്കാരം ലഭിച്ച പ്രശസ്ത മണിപ്പൂരി നർത്തകി?

3. ഭൂമിയുടെ വൃക്കകൾ എന്നറിയപ്പെടുന്നത്?

4. കുട്ടികളുടെ ആരോഗ്യസംരക്ഷണ വിവരങ്ങളും വിവിധ ചികിത്സാപദ്ധതികളും അറിയാൻ കേരള ആരോഗ്യവകുപ്പ് സജ്ജമാക്കിയ ടോൾഫ്രീ നമ്പർ?

5. ആയത്തുല്ല ഖമനാഇക്കുശേഷം ഇറാന്റെ പരമോന്നത നേതാവായി നിയോഗിക്കപ്പെട്ടതാര്?

6. തായ്‌ലന്റ് പ്രധാനമന്ത്രിയായി വീണ്ടും തിരഞ്ഞെടുക്കപ്പെട്ടതാര്?

7. നേപ്പാളിന്റെ പുതിയ പ്രധാനമന്ത്രി?

8. ഇറാനിൽ യു എസും ഇസ്രയേലും നടത്തിയ സൈനിക ദൗത്യം അറിയപ്പെട്ടത്?

9. ഇന്ത്യയിൽ ആദ്യമായി ദയാവധത്തിന് വിധേയനായ വ്യക്തി?


10. ഒരു ടി20 ലോകകപ്പ് ടൂർണമെന്റിൽ ഏറ്റവും കൂടുതൽ സിക്സർ നേടി റെക്കോർഡ് സ്വന്തമാക്കിയ ഇന്ത്യൻ താരം?

11. ആഫ്രിക്കൻ നേഷൻസ് കപ്പ് ഫുട്ബോളിൽ കിരീടം നേടിയ സെനഗൽ അയോഗ്യരായതോടെ പുതിയ കിരീടാവകാശികളായത്?

12. നീതിആയോഗ് സാമ്പത്തികഭദ്രത സൂചികയിൽ കേരളത്തിന്റെ സ്ഥാനം?

13. കേരളത്തിന്റെ ഭരണഭാഷ?

14. ‘മദർ മേരി കംസ് ടു മി’ എന്ന പുസ്തകം രചിച്ചതാര്?



1. മുജ്തബ ഖമനാഇൗ, 2. അനുതിൻ ചാൺവീരാകോൾ, 3. ഹരീഷ് റാണ, 4. സഞ്ചു സാംസൺ, 5. എൻ. പ്രഭാകരൻ

15. 2025ലെ ജ്ഞാനപീഠം പുരസ്കാരം നേടിയ തമിഴ് കവി?

16. 2025ലെ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നേടിയ 'മായാമനുഷ്യൻ' എന്ന നോവൽ എഴുതിയതാര്?

17. ലോകത്ത് ഏറ്റവുമധികം ആയുധം ഇറക്കുമതി ചെയ്യുന്ന രാജ്യം?

18. കേരളത്തിലെ കായലിനു കുറുകെയുള്ള ഏറ്റവും നീളമേറിയ പാലം?

19. ബംഗ്ലാദേശിൽ ബ്രഹ്മപുത്ര നദി അറിയപ്പെടുന്നത്?

20. ശ്രീ എന്ന തൂലിക നാമത്തിൽ അറിയപ്പെട്ട കവി?

21. രാജ്യത്ത് പൂർണ്ണ സജ്ജമായ 100 വ്യവസായ പാർക്കുകൾ നിർമ്മിക്കാൻ ലക്ഷ്യമിടുന്ന പദ്ധതി?

22. കുട്ടനാട്ടിൽ വേമ്പനാട്ടു കായൽ അറിയപ്പെടുന്നത്?

23. 2026 ലെ ഐപിഎൽ ക്രിക്കറ്റിൽ ആദ്യ സെഞ്ചുറി നേടിയ താരം?

24. 1972ലെ അപ്പോളോ ദൗത്യത്തിനു ശേഷം മനുഷ്യനെ ചന്ദ്രനിലെത്തിക്കുന്നതിന് നാസ നടത്തിയ സുപ്രധാനദൗത്യം?

25. വന്യജീവി ആക്രമണത്തിൽ മരിക്കുന്നവരുടെ കുടുംബത്തിനുള്ള ധനസഹായം എത്രയാക്കിയാണ് സർക്കാർ വർധിപ്പിച്ചത്?

ഉത്തരങ്ങൾ

**ഉത്തരങ്ങൾ**: 1. നമ്മുടെ കേരളം, 2. ദർശന ജാവേരി, 3. തണ്ണീർത്തടങ്ങൾ, 4. 104, 5. മുജ്തബ ഖമനാഇൗ, 6. അനുതിൻ ചാൺവീരാകോൾ, 7. ബാലേന്ദ്ര ഷാ, 8. ഓപ്പറേഷൻ എപിക് ഫ്യൂരി, 9. ഹരീഷ് റാണ, 10. സഞ്ചുസാംസൺ, 11. മൊറോക്കോ, 12. 15, 13. മലയാളം, 14. അരുന്ധതി റോയ്, 15. വൈരമുത്തു, 16. എൻ പ്രഭാകരൻ, 17. യുക്രെയ്ൻ, 18. പെരുമ്പളം പാലം, 19. ജമുന, 20. വൈലോപ്പിള്ളി, 21. ഭവ്യ (ഭാരത് ഔദ്യോഗിക് വികാസ് യോജന), 22. പുന്നമടക്കായൽ, 23. സഞ്ചു സാംസൺ, 24. ആർട്ടെമിസ് 2, 25. 14 ലക്ഷം

നോവൽ – 30

മുജ്തബ നസ്വീഹ്

# നമ്മളൊക്കെ ഒരു ചോരയാണ്

## അബൂട്ടി

മാസ്കിട്ട് ഒരു കണ്ണടയും വച്ചാണ് അബൂട്ടി വാതിൽ തുറന്നത്. ഡോക്ടറെ കണ്ട പ്പോഴേക്കും അടുത്തേക്ക് ഓടിവന്നു മാമിയും രണ്ടു മക്കളും. ഡോക്ടർ അല്പം കടുത്തസ്വരത്തിൽ പറഞ്ഞു: ‘സർജറി കഴിഞ്ഞു. പ്രശ്ന മൊന്നുമില്ല.’

കൂടുതലൊന്നും പറയാൻ നിൽക്കാതെ വാതിലടച്ചു തിരിഞ്ഞപ്പോൾ മാമിയുടെ സ്വരം കേട്ടു: ‘ഡോക്ടർ... ഡോക്ടർ...!’

അവർക്ക് എന്തോ അറി യാനോ പറയാനോ ഉണ്ടാ വും. വേണ്ട, ഇപ്പോൾ അതിന് അവസരമൊന്നും കൊടുക്കേണ്ട. അബൂട്ടി ആ വിളി കേട്ടില്ലെന്ന മട്ടിൽ രോ ഗിയുടെ ബെഡ്ഡിനടുത്തേക്കു നീങ്ങി. അപ്പോൾ മനസ്സിൽ ഓർമ്മകൾ തിരതല്ലുകയായി രുന്നു.

മാമന്റെ രണ്ടു മക്കളു മുണ്ട് പുറത്ത് നിസ്സഹായ രായി മിഴിച്ചുനിൽക്കുന്നു. ഡോക്ടറും എൻജിനീയറും കലക്ടറുമൊക്കെ ആവണ മെന്നായിരുന്നു അവരുടെ ആഗ്രഹം. മാമനും മാമിയും ആഗ്രഹിച്ചതും അങ്ങനെ യായിരുന്നു. അതിനായിരു ന്നല്ലോ ടൗണിലെ പേരു കേട്ട സ്കൂളിൽ അവരെ പ ഠിപ്പിച്ചത്. ഇപ്പോൾ അവരു ടെ മട്ട് കണ്ടിട്ട് അവരാരും അവിടെയൊന്നും എത്തിയി ട്ടില്ലെന്നാണ് തോന്നുന്നത്. എന്തൊക്കെ ദ്രോഹങ്ങളാ ണ് അവരന്ന് തന്നോട് കാ ണിച്ചത്! വെറുതെ കളിയാ ക്കിയും തലയിൽ കൊട്ടിയും വേദനിപ്പിച്ച എത്രയെത്ര അനുഭവങ്ങൾ! എൻട്രൻസ്





തും താഴ്ത്തുന്ന
തും പടച്ചവനാണ്.
അവൻ ഉദ്ദേശിച്ചിട്ടു
ണ്ടാവും, അബൂട്ടിയെ
ഉയർത്താനും പരിഹ
സിച്ചവരെ താഴ്ത്താ
നും.

അബൂട്ടി മനസ്സ
റിഞ്ഞ് പറഞ്ഞു
കൊണ്ടിരുന്നു,
അൽഹംദുലില്ലാഹ്!
അൽഹംദുലില്ലാഹ്!

മാമൻ ബോധം
തെളിയാതെ കിടക്കു
കയാണ്. അപകട
നില തരണം ചെയ്
തിട്ടുണ്ടെന്നേയുള്ളൂ.
ശരിക്കും ബോധം
വന്നാലേ പ്രതീക്ഷ
യുള്ളൂ. ആ അവ
സ്ഥയിലും അവൻ
അല്ലാഹുവിനോട്
പ്രാർത്ഥിച്ചുകൊണ്ടിരു
ന്നു, പടച്ചവനേ: 'മാമനു
സുഖം നൽകണേ!'

ഐസിയുവിൽ മാമന്റെ
അടുത്തുതന്നെ ഇരിക്കു
മ്പോഴാണ് ഒരു സിസ്റ്റർ
വന്നു പറഞ്ഞത്: 'ഡോക്ടർ
ക്ക് ഒരു ഫോൺകോളുണ്ട്.
അഞ്ചു മിനിറ്റ് കഴിഞ്ഞു വി
ളിക്കാമെന്നു പറഞ്ഞതാണ്.'

ഫോൺ അറ്റന്റ് ചെയ്യ

എക്സാം എഴുതാൻ
പോയപ്പോൾപോലും അവ
നും കൂട്ടുകാരും പരിഹസി
ച്ചിരുന്നല്ലോ.

ഇപ്പോഴോ, അബൂട്ടി
ലക്ഷ്യം നേടിയിരിക്കുന്നു.
ഉയർന്ന പദവിയിലെത്തി
യിരിക്കുന്നു. അവരോ?
ആളുകളെ ഉയർത്തുന്ന

ണമെങ്കിൽ ഓഫീസിൽ പോകണം. ആരായിരിക്കും ഇപ്പോൾ വിളിക്കുന്നത്? ഉമ്മയായിരിക്കുമോ? അതോ ഉസ്താദോ കൂട്ടുകാരാരെങ്കിലുമാവുമോ? വൈകുന്നേരമായല്ലോ, ഉമ്മയായിരിക്കും. ജോലികഴിഞ്ഞുവരുമ്പോൾ കമ്പനി ഓഫീസിൽ നിന്ന് ചിലപ്പോൾ വിളിക്കാറുണ്ട്. അവിടെ മറ്റെവിടെയും ഫോണില്ലല്ലോ. പാവം ഉമ്മ, എത്രയാണ് കഷ്ടപ്പെടുന്നത്! എന്നാണിനി ഉമ്മയുടെ കഷ്ടപ്പാടുകൾ ഒന്നവസാനിക്കുക?

ഓഫീസിലെത്തിയപ്പോഴേക്കും ഫോൺ റിംഗ് ചെയ്യാൻ തുടങ്ങിയിരുന്നു. അറ്റൻഡർ ഫോണെടുത്ത് ഹലോ പറഞ്ഞ് അബൂട്ടിയുടെ നേരെ നീട്ടി: 'സാറിനാണ് ഫോൺ.'

മറുതലക്കൽ ഉമ്മയുടെ ശബ്ദം: 'മോനേ... അബൂട്ടീ, ഞാനാ... ഉമ്മ. അസ്സലാമു അലൈക്കും.'

സലാം മടക്കി അബൂട്ടി ചോദിച്ചു: 'എന്താ ഉമ്മാ വിശേഷം? ഉമ്മാക്ക് സുഖമല്ലേ?'

'സുഖമാണ് മോനേ, നല്ല സുഖം' എന്നുപറഞ്ഞ് ഉമ്മ തുരുതുരാ വർത്തമാനങ്ങൾ പറയാൻ തുടങ്ങി. മോളൂട്ടിയുടെയും എളാപ്പയുടെയും വിശേഷങ്ങൾ, പിന്നെ പാടിയിലെ കൂട്ടുകാരുടെയും അയൽക്കാരുടെയും കഥകൾ... ഉമ്മ അങ്ങനെയാണ്. കഥകൾ പറയാൻ തുടങ്ങിയാൽ തീരില്ല; ഒന്നിന് പുറകെ മറ്റൊന്നായി നിരവധി കഥകൾ! അതിനിടെ ചോദിക്കുന്നുണ്ടാവും, 'എടാ, അബൂട്ട്യേ, നിനക്ക് തെരക്കാണോ? രുചിള്ള ഭക്ഷണമൊക്കെ കിട്ടാറുണ്ടോ? എന്നാണിനി ഇങ്ങോട്ടു വരിക? ഇക്കാക്ക എന്നാ വരാന്ന് മോളൂട്ടി ഇടയ്ക്കിടെ ചോദിക്കാറുണ്ട്. അവള് വരച്ച കുറെ ചിത്രങ്ങൾ സൂക്ഷിച്ചുവച്ചിട്ടുണ്ട്, ഇക്കാക്കാനെ കാണിക്കാൻ. പിന്നെ, നീ വരുന്ന ദിവസം ഉമ്മാനോട് പറയണേ. മൊയ്തീൻ ശൈഖിന്റെ പേരിൽ നമ്മള് നേർച്ചയാക്കിയിട്ട പൂവൻകോഴിയില്ലേ? അത് വലുതായിട്ടുണ്ട്. അതിനെ അറുക്കണം, മൗലൂദോതണം, മദ്റസയിലെ ഉസ്താദിനെ വിളിക്കണം.'

ഉമ്മയുടെ വർത്തമാനങ്ങളുടെ സ്പീഡ് കുറഞ്ഞ



പ്പോൾ അബൂട്ടി പറഞ്ഞു:

'ഉമ്മാ, ഇവിടെ ഹോസ്പിറ്റലില് ഒരു വിശേഷണ്ട്.'

'എന്താ മോനേ, വിശേഷം.'

'മാമൻ ഇവിടെയുണ്ട്, ഐസിയുവിലാണ്. അഡ്മിറ്റാ.'

'മോന്റെ മാമനോ? മാമന് എന്തു പറ്റി മോനേ?' ഉമ്മയുടെ ശബ്ദം ആർദ്രമായി.

'ഹാർട്ട് അറ്റാക്കാ. സീരിയസായിരുന്നു. സർജറി കഴിഞ്ഞു.'

'ന്റെ പടച്ചോനേ, ന്റെ ഇക്കാക്കക്ക് ഒന്നും വരുത്തരുതേ.' ഉമ്മയുടെ വാക്കുകൾ കരച്ചിലിലേക്ക് നീങ്ങുന്നതറിഞ്ഞ് അബൂട്ടി പെട്ടെന്ന് പറഞ്ഞു:

'പേടിക്കാനൊന്നുമില്ല ഉമ്മാ... സുഖമായി വരുന്നു. ഞാൻ അടുത്തുതന്നെയുണ്ട്.'

'അൽഹംദുലില്ലാഹ്! എന്റെ മോനുണ്ടല്ലോ, ഇക്കാക്കാനെ നോക്കാൻ. മോനേ, നിന്നെക്കൊണ്ട് കഴിയ്ണ വിധത്തിൽ ഇക്കാക്കാനെ നോക്കണേ.'

'നമ്മളെ ഒരുപാട് ദ്രോഹിച്ചയാളാണെങ്കിലും ഞാനാണുമ്മാ മാമന് എല്ലാം ചെ

യ്തുകൊടുത്തത്.' അബൂട്ടി പഴയ കാര്യങ്ങൾ ഓർത്തു പറഞ്ഞപ്പോൾ ഉമ്മയുടെ സ്വരം കടുത്തു:

'അബൂട്ട്യേ, പഴയതൊന്നും ഇപ്പോൾ ഓർക്കുകയും പറയുകയും ചെയ്യരുത്. നമ്മളൊക്കെ ഒരു ചോരയല്ലേ? ആ ബന്ധം മറന്നുപോകരുത് ട്ടോ.'

ഉമ്മ പിന്നെയും എന്തെല്ലാമോ പറഞ്ഞുകൊണ്ടിരുന്നു. അതിനിടയിൽ സിസ്റ്ററുടെ വിളി കേട്ടു: 'ഡോക്ടർ, ഒന്നു വേഗം വരണേ.'

അബൂട്ടി ഫോൺ കട്ട് ചെയ്ത് ഐസിയുവിലേക്കോടി. (തുടരും)

❖





**ഇ**ബ്റാഹീമീ സ്മരണകളിൽ,
വന്നൂ, വലിയ പെരുന്നാള്.
സമർപ്പണത്തിൻ പാഠങ്ങൾ
ആഘോഷിക്കാൻ ഒരു നാള്.

ത്യാഗസ്മൃതികൾ പാടീടാം
തക്ബീർധ്വനികളുയർത്തീടാം
പരീക്ഷണങ്ങൾ അതിജീവിക്കാൻ
ആ വഴി മാതൃകയാക്കീടാം.


**റൈഹാൻ**

# പെരുച്ചാഴിയും കുഞ്ഞനെലിയും











തത്സമയം അപ്പുറത്ത് കുറ്റിക്കാട്ടിൽ,
ഉപദേശിക്കാൻ വന്നിരിക്കുന്നു; ഒരു കിളവൻ പെരുച്ചാഴി.
ഹും, അവന്റെ അഹങ്കാരം കണ്ടില്ലേ.
പെട്ടെന്ന്,
നില്ലെടാ അവിടെ!
രക്ഷിക്കണേ!
വൈകാതെ,
കിട്ടിപ്പോയ്!
കഷ്ടം! അച്ചടക്കമില്ലാത്തവർ എളുപ്പത്തിൽ അപകടത്തിലാവുമെന്ന് കുഞ്ഞനെലി ഓർത്തില്ല.



# രബീന്ദ്രനാഥ് ടാഗോർ


മുഹമ്മദ് ശഹീർ എം

- 1861 മെയ് ഏഴിന് കൊൽക്കത്തയിലെ ഒരു ബ്രാഹ്മണകുടുംബത്തിൽ ദേബേന്ദ്രനാഥ് ടാഗോറിന്റെയും ശാരദാദേവിയുടെയും പതിനാല് മക്കളിൽ ഏറ്റവും ഇളയവനായി ജനിച്ചു.

- കുട്ടിക്കാലത്ത് വീട്ടിലിരുന്നുകൊണ്ട് അധ്യാപകരുടെ ശിക്ഷണത്തിൽ പഠനം. പിന്നീട് നിയമപഠനത്തിനായി ഇംഗ്ലണ്ടിലേക്കുപോയെങ്കിലും ബിരുദം പൂർത്തിയാക്കാതെ മടങ്ങി.

- എട്ടാം വയസ്സുമുതൽ കവിതകൾ എഴുതിയിരുന്നു. പതിനാറാം വയസ്സിൽ 'ഭാനുസിംഹൻ' എന്ന തൂലികാനാമത്തിൽ ആദ്യ കവിതാസമാഹാരം പുറത്തിറക്കി.

- ടാഗോറിന്റെ വിഖ്യാത കൃതിയായ ഗീതാഞ്ജലിക്ക് 1913ൽ സാഹിത്യത്തിനുള്ള നൊബേൽ



സമ്മാനം ലഭിച്ചു. ഈ ബഹുമതി നേടുന്ന ആദ്യത്തെ ഏഷ്യക്കാരനാണ് ടാഗോർ.

- വിദ്യാഭ്യാസരംഗത്തെ മാറ്റം ലക്ഷ്യമിട്ട് 1921ൽ ശാന്തിനികേതനിൽ വിശ്വഭാരതി സർവ്വകലാശാല സ്ഥാപിച്ചു. പ്രകൃതിയോടിണങ്ങിയുള്ള പഠനരീതിയായിരുന്നു അവിടെ അദ്ദേഹം നടപ്പിലാക്കിയത്.

- രണ്ട് രാജ്യങ്ങളുടെ ദേശീയഗാനം രചിച്ച ലോകചരിത്രത്തിലെ ഏകവ്യക്തിയാണ് ടാഗോർ. ഇന്ത്യയുടെ 'ജനഗണമന', ബംഗ്ലാദേശിന്റെ 'അമർ സോനാ ബംഗ്ലാ' എന്നിവ അദ്ദേഹത്തിന്റെ രചനകളാണ്.

- 1915 ൽ 'സർ' പദവി നൽകി ബ്രിട്ടീഷ് സർക്കാർ അദ്ദേഹത്തെ ആദരിച്ചിരുന്നു. എന്നാൽ 1919-ലെ ജാലിയൻ വാലാബാഗ് കൂട്ടക്കൊലയിൽ പ്രതിഷേധിച്ച് അദ്ദേഹം ആ പദവി തിരികെ നൽകി.

- എഴുപതാം വയസ്സിലാണ് ടാഗോർ ചിത്രരചനയിലേക്ക് ശ്രദ്ധ തിരിച്ചത്. നിരവധി ശ്രദ്ധേയമായ ചിത്രങ്ങൾ അദ്ദേഹം വരച്ചിട്ടുണ്ട്.

- ഗാന്ധിജിയെ ആദ്യമായി 'മഹാത്മ' എന്ന് വിളിച്ചത് ടാഗോറാണ്. പകരം, ഗാന്ധിജി അദ്ദേഹത്തെ 'ഗുരുദേവ്' എന്നും വിശേഷിപ്പിച്ചു. ഇരുവരും ഉറ്റ സുഹൃത്തുക്കളായിരുന്നു.

- 1941 ഓഗസ്റ്റ് ഏഴിന് എൺപതാം വയസ്സിൽ കൊൽക്കത്തയിലെ ജോറസങ്കോയിലുള്ള കുടുംബവീട്ടിലായിരുന്നു ടാഗോറിന്റെ വിയോഗം.

Current Affairs

## ഉണർവേകാൻ 'ഭവ്യ'

രാജ്യത്ത് പൂർണ സജ്ജമായ 100 വ്യവസായ പാർക്കുകൾ നിർമിക്കാൻ ലക്ഷ്യമിടുന്ന 'ഭവ്യ' പദ്ധതിക്ക് കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി. 'ഭാരത് ഔദ്യോഗിക് വികാസ് യോജന' എന്നതാണ് ഭവ്യയുടെ പൂർണരൂപം.

## ചരിത്രമായി ആർട്ടെമിസ്

1972ലെ അപ്പോളോ ദൗത്യത്തിന് ശേഷം മനുഷ്യനെ ചന്ദ്രനിലെത്തിക്കുന്നതിന് നാസ നടത്തുന്ന സുപ്രധാന ചാന്ദ്രദൗത്യം ആർട്ടെമിസ് 2 വിജയകരം. ഉപരിതലത്തിലിറങ്ങാതെ, ചന്ദ്രനെ ചുറ്റി ഭൂമിയിലേക്ക് സുരക്ഷിതമായി ഇറങ്ങിയ പേടകത്തിൽ ക്രിസ്റ്റീന കോച്ച്,വിക്ടർ ഗ്ലോവർ, റീഡ് വൈസ്മാൻ, ജെറമി ഹാൻസെൻ എന്നിവരായിരുന്നു യാത്രികർ.



## ഹരീഷ് റാണ

ഇന്ത്യയിൽ ആദ്യമായി ദയാവധത്തിനു (പാസിവ് യുത്തനേസ്യ) വിധേയനായ ഹരീഷ് റാണ അന്തരിച്ചു. അപകടത്തിൽ പരുക്കേറ്റ് എട്ടു വർഷമായി അബോധാവസ്ഥയിലായ റാണയുടെ ദയാവധത്തിന് സുപ്രീം കോടതിയാണ് അനുമതി നൽകിയത്.

## ആയുധ ഇറക്കുമതി


ലോകത്ത് ഏറ്റവുമധികം ആയുധം ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങളിൽ യുക്രെയ്ൻ ഒന്നാം സ്ഥാനത്തെത്തി. സ്റ്റോക്കോം ഇന്റർനാഷനൽ പീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടാണു റിപ്പോർട്ട് പ്രസിദ്ധീകരിച്ചത്. ഇന്ത്യയാണു രണ്ടാമത്.

## റെക്കോർഡ് ട്രേഡ്


ഇന്ത്യൻ പ്രിമിയർ ലീഗ് ടീം ബെംഗളൂരു റോയൽ ചലഞ്ചേഴ്സിന്റെ ഉടമസ്ഥാവകാശം ആദിത്യ ബിർലയുടെ നേതൃത്വത്തിലുള്ള കൺസോർഷ്യം 178 കോടി യുഎസ് ഡോളറിന് (ഏകദേശം 16,706 കോടി രൂപ) സ്വന്തമാക്കി. ഐപിഎൽ ചരിത്രത്തിലെ ഏറ്റവും ഉയർന്ന തുകയ്ക്കുള്ള ടീം വിൽപനയാണിത്.


## അരുന്ധതിക്ക് അവാർഡ്

യുഎസിലെ നാഷനൽ ബുക്ക് ക്രിട്ടിക്സ് സർക്കിൾ പുരസ്കാരങ്ങളിൽ ആത്മകഥാ വിഭാഗത്തിലെ മികച്ച കൃതിക്കുള്ള അവാർഡ് അരുന്ധതി റോയിയുടെ 'മദർമേരി കംസ് ടു മി' സ്വന്തമാക്കി. ഹാൻകാങ്ങിന്റെ 'വി ഡു നോട്ട് പാർട്ട്' ഫിക്ഷൻ വിഭാഗത്തിലും കാരൻഹാവൊയുടെ 'എംപയർ ഓഫ് എഐ' നോൺ-ഫിക്ഷൻ വിഭാഗത്തിലും പുരസ്കാരം നേടി.



മിസ്റ്റർ
മണ്ടപ്പൻ
ഇത് വേനൽക്കാലം ത ന്നെയല്ലേ അണ്ണേ? നല്ല മഴയാണല്ലോ!
മഴ പെയ്യട്ടെ മച്ചൂ, ചൂട് സഹിക്കാൻ വയ്യ!
ചൂടുള്ള നല്ലൊരു ക ട്ടൻചായയും മിക് സ്ചറും കിട്ടിയാൽ വൈബായിരുന്നു.
അതൊക്കെ നമു ക്കുണ്ടാക്കാം അണ്ണേ.
വാലപ്പൻ അടുക്കളയിൽ,
അണ്ണേ, സ്റ്റൗ കേടായെന്ന് തോന്നുന്നു.
ഹിഹി! സ്റ്റൗ കേടായത ല്ല. ഗ്യാസ് തീർന്നതാ വും.


ഒരു കട്ടൻചായയുണ്ടാക്കാൻ പോലും ഗ്യാസില്ലാത്ത കാലമായിപ്പോയല്ലോ!
കുറ്റിഗ്യാസിനു മാത്രമേ ക്ഷാമമുള്ളൂ. വയറ്റിൽ ഒരു ചെമ്പ് ബിരിയാണി വെക്കാനുള്ള ഗ്യാസുണ്ട്.
യുദ്ധം ഇങ്ങനെ നീളുകയാണെങ്കിൽ പുതിയ പരീക്ഷണങ്ങൾ വേണ്ടിവരും.
മഴ തോരട്ടെ! എന്നിട്ടു വേണം പുറത്തിറങ്ങി നല്ലൊരു പ്രാതൽ കഴിക്കാൻ.
വയറ്റിനുള്ളിൽ ഇപ്പോൾതന്നെ യുദ്ധം തുടങ്ങിയിട്ടുണ്ട്.
അപ്പന്മാർ ബൈക്കിൽ,
യുദ്ധം കഴിഞ്ഞ് സമാധാനം പുലരുമോ അണ്ണേ?
ഹോട്ടലിൽ എത്തിയിട്ടു പറയാം.


അപ്പന്മാർ ഹോട്ടലിൽ,
വലിയ വിശപ്പില്ല. രണ്ട് ഇടിയപ്പവും ഒരു ഫിഷ്മസാലയും മതി.
എനിക്ക് മൂന്ന് പൊറോട്ടയും ചിക്കൻകറിയും വന്നോട്ടെ!
ഫിഷ് ഫ്രെഷാണെന്ന് തോന്നുന്നു. നല്ല രുചി!
ചിക്കനും തഥൈവ!
സർ, ഇതാ ബില്ല്.
ങേ? തൊള്ളായിരത്തി തൊണ്ണൂറ് രൂപയോ?
ങേ?
അണ്ണൻ സ്വർണ്ണമത്സ്യമാണോ കഴിച്ചത്?
സ്വർണ്ണത്തിനു പോലും ഇത്ര വിലയില്ല മച്ചൂ.


നാലിരട്ടിയാണല്ലോ വില. എന്തുപറ്റി?
മൂന്നിരട്ടി ഗ്യാസ് വിലയാ സാറേ.
അപ്പന്മാർ ഹോട്ടലിനു പുറത്ത്.
ഇങ്ങനെ പോയാൽ കീശ കീറുമല്ലോ മച്ചൂ.
കീശ മാത്രമല്ല; പാചകത്തിന് വിറകും കീറേണ്ടിവരും.
അപ്പന്മാർ തിരികെ വീട്ടിലേക്ക്,
വണ്ടി ഓഫായല്ലോ അണ്ണേ. പെട്രോളും തീർന്നെന്നു തോന്നുന്നു.
ചതിച്ചല്ലോ! കീശയിലിനി ചില്ലറ പോലും ബാക്കിയില്ല.


ദാ, ഒരു ഓട്ടോ വരുന്നു. കൈ കാണിച്ചു നോക്കാം.
ഹായ്! അപ്പന്മാരേ, കയറിക്കോളൂ.
അപ്പന്മാർ എവിടേക്കാ? ഗ്യാസ് വാങ്ങാനാണോ?
ങ്ഹാ! വീട്ടിൽ ഗ്യാസ് തീർന്നപ്പോൾ പ്രാതൽ കഴിക്കാൻ ഇറങ്ങിയതാണ്.
ഗ്യാസ് ഇഷ്ടം പോലെ കിട്ടാനുണ്ട്. ക്യാഷ് ഇത്തിരി കൂടുമെന്നേയുള്ളൂ.
എങ്കിൽ രണ്ട് സിലിണ്ടർ വേണം.


ദാ, അപ്പന്മാർക്ക് വേണ്ടത്ര എടുത്തോളൂ. എല്ലാം ഫുൾ ആണ്.
ഹമ്പട! കരിഞ്ചന്തയുടെ ഏജന്റാണല്ലേ?
സർ, ഫോളോ മൈ ലൊക്കേഷൻ. ഹറിയപ്പ്!
വൈകാതെ ഏമാന്മാർ സ്ഥലത്ത്.
ഒരു കട്ടൻചായക്ക് തികയുമോ സാർ?
കരിഞ്ചന്തക്കാരെ മടയിൽ കയറി പിടിച്ചതിന് ഇരിക്കട്ടെ!
ഗ്യാസ് സിലിണ്ടറുകൾ കരിഞ്ചന്തയിൽ വിഷ്ന നടത്തിയ ഏഴംഗ സംഘം പിടിയിൽ.
അപ്പന്മാരുള്ള കാലത്തോളം നാട്ടിൽ തരികിടകളൊന്നും നടക്കില്ല.

ഹരീഷ് ആർ നമ്പൂതിരിപ്പാട്

# സൗഹൃദത്തോട്ടം

**ചി**ങ്കൻ കുരങ്ങനും മിങ്കൻ കുരങ്ങനും കൂടി സൗഗന്ധിപ്പുഴയുടെ തീരത്ത് മനോഹരമായ ഒരു പഴത്തോട്ടമുണ്ടാക്കി.

അഴകുള്ള വാഴകൾ നിരനിരയായ്
നിറയെക്കുലച്ചു പഴുത്തുവല്ലോ
തേനൂറും മാമ്പഴം, ചക്കപ്പഴം
തോട്ടത്തിൽ മൂത്തു വിളഞ്ഞുവല്ലോ.

കൃഷിത്തോട്ടത്തിൽ നല്ല വിളവുണ്ടായപ്പോൾ ചിങ്കൻ ആവേശത്തോടെ പാടി. പഴം തിന്നാൻ കൊതിയോടെ കിളികളെത്തി.

വാഴപ്പഴങ്ങളും ചക്കപ്പഴങ്ങളും
തേൻപോൽ മധുരിക്കും മാമ്പഴവും
വായിൽ നിറയുന്നു വെള്ളമാഹാ
വേഗം വരൂ നിങ്ങൾ കൂട്ടുകാരേ.

പിങ്കിക്കാക്ക ആവേശത്തോടെ പാടി

'അതുകൊള്ളാം! ഞങ്ങൾ കഷ്ടപ്പെട്ട് നട്ടുനനച്ചു വളർത്തിയ തോട്ടത്തിലെ പഴം തിന്നാൻ കൂട്ടുകാരെയും കൂട്ടി വന്നിരിക്കുകയാണല്ലേ?' മിങ്കൻ കുരങ്ങ് പിങ്കിക്കാക്കയെ നോക്കി ഇത്തിരി അരിശത്തോടെ ചോദിച്ചു.

'മിങ്കൻ ചേട്ടാ, നിങ്ങളുടെ അനുവാദമുണ്ടെങ്കിൽ ഞങ്ങൾ കുറച്ച് പഴം തിന്നിട്ട് പൊയ്ക്കോളാം.' മിന്നാരിത്തത്ത കൊതിയോടെ പറഞ്ഞു.

'ഹേയ്, ആരും ഇങ്ങോട്ടു വരണ്ട.' മിങ്കനും ചിങ്കനും ഒരേ സ്വരത്തിൽ പറഞ്ഞു.

അതുകേട്ട് വിരുന്നു വന്ന കിളികൾ സങ്കടത്തോടെ മടങ്ങി.

ദിവസങ്ങൾ കടന്നുപോയി. ഒരു ദിവസം പ്രഭാതത്തിൽ മിങ്കന്റെ

നിലവിളി കേട്ടാണ് കാടുണർന്ന ത്. മൂത്തുപഴുത്തു നിൽക്കുന്ന വാഴകളിൽ ചിലത് നിലത്തുവീ ണു കിടക്കുന്നു. നിലവിളി കേട്ട് പക്ഷികൾ പറന്നെത്തി.

'കഷ്ടം! നിങ്ങൾക്ക് പഴം തരില്ലെന്നു പറഞ്ഞതിന്റെ ശിക്ഷ ഞങ്ങൾക്ക് കിട്ടി.' മിങ്കൻ തേങ്ങലോ ടെ പറഞ്ഞു.

'ഏയ്, അതൊ ന്നും സാരമി ല്ലന്നേ. എന്നാൽ, ആരാണ് ഇപ്പണി ചെയ്തതെന്ന് കണ്ടു പിടിക്കണമല്ലോ.'

അന്ന് വൈകു ന്നേരം കാക്കക്കൂട്ടം തോട്ടത്തിനു ചുറ്റുപാ ടുമുള്ള മരങ്ങളിൽ കാത്തിരുന്നു. നേരം ഇരുട്ടിത്തുടങ്ങിയപ്പോൾ ഒരു പന്നിക്കൂട്ടം തോട്ട ത്തിലെത്തി.



വൈകാതെ, നാലു വശത്തു നിന്നും കാക്കകൾ പറന്നെത്തി പന്നികളെ തുരുതുരാ കൊത്താൻ തുടങ്ങി. കൊത്ത് സഹിക്കാൻ കഴിയാതെ പന്നികൾ തിരിഞ്ഞോ ടി. അതു കണ്ടപ്പോൾ ചിങ്കനും മിങ്കനും സന്തോഷമായി. അവർ പറഞ്ഞു:


'കൂട്ടുകാരേ, നിങ്ങൾ മതി യാവോളം പഴങ്ങൾ തിന്നോളൂ. ഞങ്ങൾക്കതിൽ സന്തോഷമേയു ള്ളൂ.'

അന്നുമുതൽ തോട്ടത്തിൽ വര ുന്ന വിരുന്നുകാർക്കെല്ലാം അവർ ഇഷ്ടംപോലെ പഴങ്ങൾ നൽകി സൽക്കരിച്ചു.





## വഴി കാണിക്കാമോ?

മഞ്ഞനിറത്തിൽ പഴുത്തുനിൽക്കുന്ന മാമ്പഴം കണ്ടപ്പോൾ കുട്ടിത്തത്തയുടെ വായിൽ വെള്ളമൂറി. അതിനടുത്തെത്താൻ കുട്ടിത്തത്തയെ കൂട്ടുകാർ സഹായിക്കില്ലേ?



## നിഴലേത്?

ഇടതുഭാഗത്തുള്ള മൃഗങ്ങളുടെ യഥാർത്ഥ നിഴൽ കണ്ടെത്തി നമ്പർ വൃത്തത്തിലെഴുതൂ...



## വ്യത്യാസങ്ങൾ കണ്ടെത്താമോ?

**ഈ ചിത്രങ്ങൾ തമ്മിൽ ചില വ്യത്യാസങ്ങളുണ്ട്. കണ്ടെത്താമോ?**





## നിറം നൽകാം



# പദപ്രശ്നം 7

| | | | | | |
|---|---|---|---|---|---|
| 1 | 7 പ്ര | 3 | | 4 | |
| | | ■ | 5 | | |
| | | 6 | | | 10 |
| 2 | | | ൻ | | |
| | 8 | | 9 | | ജി |

**വലത്തോട്ട്**

1. ദേശീയപതാകയിൽ രാഷ്ട്രഭൂപടം അച്ചടിച്ച രാജ്യം? (3)
2. കുരങ്ങ് എന്നതിന്റെ പര്യായം? (4)
3. ചിത്രം 1 (4)
5. ന്യായം എന്നതിന്റെ വിപരീതം? (3)
8. കൊയ്ത നെല്ല് കൂട്ടിവയ്ക്കാനും മെതിക്കാനും ഉപയോഗിക്കുന്ന സ്ഥലം? (2)
9. ഹരിജൻ, യങ് ഇന്ത്യ, നവജീവൻ എന്നീ പത്രങ്ങൾ സ്ഥാപിച്ചതാര്?



ചിത്രം 1

**താഴോട്ട്**

1. സിംഹവാലൻ കുരങ്ങുകൾക്ക് പേരുകേട്ട കേരളത്തിലെ ദേശീയോദ്യാനം? (5)
4. ആടുജീവിതം എന്ന നോവൽ എഴുതിയതാര്? (4)
5. ......... യെറിഞ്ഞാൽ ആയിരം കാക്ക? (2)
6. ശിശുമരണനിരക്ക് ഏറ്റവും കുറഞ്ഞ ഇന്ത്യൻ സംസ്ഥാനം? (3)
7. വിദേശത്ത് താമസിക്കുന്ന വ്യക്തി എന്നർത്ഥം? (3)
10. ജവഹർലാൽ നെഹ്റുവിനെ കുട്ടികൾ വിളിച്ചിരുന്ന പേര്? (3)

## പദപ്രശ്നം 6 ഉത്തരം

| | | | | | |
|---|---|---|---|---|---|
| 1 ഇ | 2 റാ | ൻ | 3 കു | തി | ര |
| ന്ദി | ഞ്ചി | 7 മ | രു | പ്പ | ച്ച |
| രാ | 6 അ | ഴി | മു | ഖം | 8 ക |
| 4 ഗാ | ല | ൻ | ള | 9 ആ | ബ |
| ന്ധി | 5 അ | ഴ | ക് | ന | നി |

പദപ്രശ്നം പൂരിപ്പിച്ച ശേഷം പേജിന്റെ ഫോട്ടോ ക്യൂ ആർ കോഡ് സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യുക.

**അവസാന തീയതി: 2026 മെയ് 10**

## പദപ്രശ്നം 6 വിജയികൾ

1. നിദ ഫാത്തിമ, ക്ലാസ് 9, നൂറുൽഹുദാ മദ്റസ, മുതുകുറ്റി
2. മുഹമ്മദ് ഇത്ബൻ കെ പി, ക്ലാസ് 6, മുനവ്വിറുൽ ഇസ്‌ലാം സുന്നി മദ്റസ, പെരിമ്പലം
3. ഹസീന ബാനു, ക്ലാസ് 9, അലിഫ് എജുക്കേഷണൽ സെന്റർ, ഫറോക്
4. സൻഹ ഫാത്തിമ, ക്ലാസ് 8, ബദ്‌രിയ്യ സുന്നി മദ്റസ, തരിസ്സിപ്പാടം
5. യുംന യാസർ പി കെ, ക്ലാസ് 3, സി എം എസ് സി, വല്ലത്തായ്പാറ
6. ശാഹിദ്, ക്ലാസ് 7, തഖ്‌വ മദ്റസ, ബ്ലാത്തൂർ
7. മുഹമ്മദ് തമീം കെ, ക്ലാസ് 10, സഅദിയ്യ ഹയർസെക്കണ്ടറി മദ്റസ, പുളിയക്കോട് മേൽമുറി
8. മുഹമ്മദ് തമീം എം കെ, ക്ലാസ് 6, ശുഹദാ സെക്കണ്ടറി മദ്റസ, ഓമാനൂർ
9. ഫാത്തിമ ദിയ, ക്ലാസ് 6, നുസ്റത്തുൽ ഇസ്‌ലാം മദ്റസ, തടമ്പാട്ടുതാഴം
10. ഖദീജ സലീഖ, ക്ലാസ് 3, തഅലീമുസ്സുന്നിയ്യ മദ്റസ, പൊട്ടിക്കല്ല്, ഒതുക്കുങ്ങൽ

# English Corner

Story Line

## The Fox's Trick



**A** fox, frustrated after wandering since morning without finding any prey, thought to himself: "All the animals run and hide the moment they see me! If this continues, I will surely die of hunger." Finally, the fox decided to use a trick. His plan was to hold his breath, stretch out, and lie on the path as if he were dead. He thought that if any prey came near, he could pounce on them.

A crow watched the fox lying there from a distance. The crow noticed that the fox's belly was moving slightly. Realizing that the fox was not actually dead, the crow called out: "You cunning fox, get up and go away! I know you aren't dead. Your head might look like you're dead, but your belly says otherwise!"

Hearing this, the fox slowly got up and ran away in embarrassment.



# കുറുക്കന്റെ സൂത്രം

രാവിലെ മുതൽ ഇര തേടി അലഞ്ഞിട്ടും ഒന്നും കിട്ടാതെ നിരാശനായ കുറുക്കൻ ചിന്തിച്ചു: 'എന്നെ കാണുമ്പോഴേക്കും ജന്തുക്കളെല്ലാം ഓടിയൊളിക്കുന്നു! ഇങ്ങനെ പോയാൽ വിശന്നു ചത്തതുതന്നെ.' ഒടുവിൽ കുറുക്കൻ ഒരു സൂത്രം പ്രയോഗിക്കാൻ തീരുമാനിച്ചു. ശ്വാസം പിടിച്ച് നീണ്ടുനിവർന്ന് ചത്തതുപോലെ വഴിയിൽ കിടക്കുക. ഏതെങ്കിലും ഇര അടുത്തെത്തിയാൽ ചാടിപ്പിടിക്കാം എന്നായിരുന്നു കുറുക്കന്റെ വിചാരം. ചത്തതുപോലെ കിടക്കുന്ന കുറുക്കനെ ഒരു കറുമ്പിക്കാക്ക ദൂരെ നിന്ന് സൂക്ഷിച്ചുനോക്കി. കുറുക്കന്റെ വയർ ചെറുതായി അനങ്ങുന്നത് കാക്ക ശ്രദ്ധിച്ചു. കുറുക്കൻ ചത്തിട്ടില്ലെന്നു മനസ്സിലായ കാക്ക വിളിച്ചുപറഞ്ഞു: 'കള്ളക്കുറുക്കാ, വേഗം എഴുന്നേറ്റു പോ! നീ ചത്തിട്ടില്ലെന്ന് എനിക്കു മനസ്സിലായി. നിന്റെ തല കണ്ടാൽ ചത്തെന്നു തോന്നുമെങ്കിലും ചത്തിട്ടില്ലെന്ന് നിന്റെ വയർ പറയുന്നു!' അതുകേട്ട് കുറുക്കൻ മെല്ലെ എഴുന്നേറ്റ് നാണം കെട്ട് ഓടിപ്പോയി.

# Grammar

## Direct and Indirect speech

***Dear children, we have already studied the auxiliary verbs and 20 forms of tenses including active and passive voices. Now let's ride through the direct and indirect speeches. At its simplest, Direct and Indirect speech are the two different ways we describe what someone else has said.***

***Direct speech repeats the exact words spoken by a person. Whereas indirect speech conveys the meaning of what someone said without using their exact words.***

***When moving from Direct Speech to Indirect (Reported) Speech, the sentence undergoes a transformation to show that the words were spoken in the past as everything moves one step back.***
***Here are the four main areas where changes occur:***

### 1. The Tense Shift

Since the reporting happens after the actual event, the verbs move into the past.

### 2. Changes in Pronouns

Since you are now talking about the person, the pronouns must change to match the new perspective.

### 3. Changes in Time and Place

In Reported Speech, "here" and "now" are often in the past or in a different location.

### 4. Reporting Verbs and "That"

We usually add a connecting word "that" after the reporting verb. The Verb "Said" stays "said", but "said to me" usually changes to "told me".

## *Here are the shifts occur in the tenses:*

**Simple Present changes in to Simple Past.**
*Example: I eat - He said he ate.*

**Present Continuous changes in to Past Continuous.**
*Example: I am eating - He said he was eating.*


**Present Perfect changes in to Past Perfect.**
*Example: I have eaten - He said he had eaten.*

**Simple Past changes in to Past Perfect.**
*Example: I ate - He said he had eaten.*


**Will changes in to Would.**
*Example: I will go - He said he would go.*

**Can changes in to Could.**
*Example: I can help - He said he could help.*

***Now, look at the picture given below and imagine a conversation between the fox and elephant. (Try to include words like: Tree, Nest, Sparrow, friend)***



**Fox** :........................................................................
**Elephant** :........................................................................
**Fox** :................................................................
**Elephant** :......................................................
**Fox** :......................................................
**Elephant** :......................................................



Master Imitable
Are you coming to the top of that hill?
That sounds great! I've heard there are delicious mangoes there.
Do you know who that mango orchard belongs to?
Yes, It belongs to my neighbour, Khalidikka.
In that case, let's go see him first and ask for permission.
That's a good idea.
Both of them at Khalidikka's house
We are going to the hilltop. May we take some mangoes from your orchard?
Of course, children! Take as many as you like.
Thank you so much, Ikka.
You guys carry on; I'll join you in a little while.


Be careful while climbing the steps!
It's been a long time since I walked through this path.
Adil, which bird is that?
That is a Jungle Fowl.
Where did it hide so quickly?
It must have its nest in those bushes over there.
At the orchard,
Adil, Shall we throw stones and knock some mangoes down?
No, let's just pick up the ones that have fallen.
Bismillah...! Wow! These are so sweet.
Everything is a blessing from Allah.
Let's rest under the shade of this tree for a while.
Alright. Khalidikka should be here by then.

# WORD PUZZLE

Read the story **'The Fox's Trick'** and find out some words from the puzzle.

| | | | | | | |
|---|---|---|---|---|---|---|
| P | O | U | N | C | E | A |
| R | A | E | N | R | | N |
| E | I | D | F | O | X | I |
| Y | O | U | R | W | O | M |
| B | E | L | L | Y | F | A |
| H | T | A | E | R | B | L |
| H | U | N | G | E | R | S |

## Name me



T



T



T

ANS: Turtle, Turkey, Tiger

## Sudoku

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | 8 | 6 | 4 |
| | 7 | 3 | | | 5 | | | |
| 1 | | 4 | | 2 | 9 | | | 7 |
| | | | | 5 | | | 4 | |
| | 5 | | 1 | | 8 | 9 | 7 | |
| 9 | 4 | | | 3 | | | 1 | 5 |
| | | | 3 | 9 | 1 | | | 6 |
| 2 | 1 | 7 | | | | | | |
| | 9 | | 2 | | | 5 | | |

## Sudoku

ANSWER
**2026 April Issue**

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 3 | 4 | 8 | 6 | 7 | 1 | 5 | 2 | 9 |
| 7 | 6 | 9 | 3 | 5 | 2 | 8 | 4 | 1 |
| 1 | 2 | 5 | 4 | 8 | 9 | 6 | 3 | 7 |
| 8 | 1 | 4 | 7 | 2 | 3 | 9 | 5 | 6 |
| 5 | 9 | 2 | 8 | 4 | 6 | 1 | 7 | 3 |
| 6 | 3 | 7 | 1 | 9 | 5 | 4 | 8 | 2 |
| 4 | 5 | 3 | 9 | 1 | 7 | 2 | 6 | 8 |
| 2 | 7 | 1 | 5 | 6 | 8 | 3 | 9 | 4 |
| 9 | 8 | 6 | 2 | 3 | 4 | 7 | 1 | 5 |

PRINTED AND PUBLISHED BY **KUNHAMMED** SAMASTHA ISLAMIC CENTRE CALICUT- 673006, PRINTED AT: GEETHANJALI WEB OFFSETS, CALICUT. HONORARY CHIEF EDITOR: **MUHAMMED PARANNUR**